# കേരള
# പ്രൈവററ് കോളേജ്
# ടീച്ചർ

എ. കെ. പി. സി. ടി. എ. ജേർണൽ
1980 ജൂൺ

# എ. കെ. പി. സി. ടി. എ. വിജയം
## കേരള യൂണിവേർസിററി

സിൻഡിക്കേററ്: പ്രൊഫ. ടി. ഗോപാലകൃഷ്ണൻ
എസ്. എൻ. കോളേജ്. ചേർത്തല.
പ്രൊഫ. കെ. സി. ചാക്കോ
സി. എം. എസ്. കോളേജ് കോട്ടയം.

കാർഷിക സർവ്വകലാശാലയിലേയ്ക്കുള്ള പ്രതിനിധി:

സാഹിത്യ അക്കാദമി: പ്രൊഫ. പി. രവീന്ദ്രനാഥ്
എൻ. എസ്. എസ്. കോളേജ്
നിലമേൽ.

## കോഴിക്കോട് യൂണിവേർസിററി
## സിൻഡിക്കേററ്

പ്രൊഫ. വി. നാരായണൻകുട്ടി
ഗുരുവായൂരപ്പൻ കോളേജ്
കോഴിക്കോട്.

പ്രൊഫ. ആർ. രാമചന്ദ്രൻനായർ
എൻ. എസ്. എസ്. കോളേജ്
ഒററപ്പാലം.

---


For Comfortable Stay

# KAYCEES

**the most modern and luxurious lodge**

**Y. M. C. A Road**

**KOTTAYAM**

Phone : 3440

**കേരള പ്രൈവററ് കോളേജ് ടീച്ചർ**

**18**

**എ. കെ. പി. സി. ടി. എ. ജേർണൽ**

# പ്രശ്നങ്ങൾ പരിഹരിയ്ക്കുക

എ. കെ. പി. സി. ടി. എ. പതിനൊന്നാം കൺവൻഷൻ ചർച്ചചെയ്തംഗീകരിച്ച അവകാശപത്രിക ഗവൺമെൻറിനു സമർപ്പിച്ചിട്ടുണ്ട്. പലവിധസമരങ്ങളിലൂടെ സംഘടന ആവർത്തിച്ചാവശ്യപ്പെടുകൊണ്ടിരിയ്ക്കുന്ന കാര്യങ്ങളാണ് അവകാശപത്രികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. നിയമദത്തസംരക്ഷണം, യു. ജി. സി. സ്കെയിൽ തുടങ്ങി അതിൽ ഉന്നയിച്ചിട്ടുള്ള ആവശ്യങ്ങൾ നേടിയെടുക്കുന്നതിനായി അതിശക്തമായ സമരപരിപാടികളുമായി മുന്നോട്ടു പോകാൻ തന്നെയാണ് കൺവൻഷൻെറ തീരുമാനം. ഇതിനുംപുറമേ, ഷിഫ്ററും കേന്ദ്രീകൃതപരിശോധനയും സൃഷ്ടിച്ചിട്ടുള്ള പുതിയ പ്രശ്നങ്ങളേയും നേരിടേണ്ടതുണ്ട്. ഷിഫ്ററിനോ, കേന്ദ്രീകൃതപരിശോധനയ്ക്കോ അധ്യാപകർ എതിരല്ല എന്നാൽ അശാസ്ത്രീയമായ വിദ്യാഭ്യാസസമ്പ്രദായത്തിൻെറ അനന്തരഫലങ്ങളായ ഇവയുടെയൊക്കെ പരിമിതികളുടേയും പോരായ്മകളുടേയും ഉത്തരവാദിത്വം അദ്ധ്യാപകൻെറ തലയിൽ കെട്ടിവയ്ക്കാനുള്ള ഇന്നത്തെ ശ്രമം അനുവദിക്കാവുന്നതല്ല.

ശാന്തമായ വിദ്യാഭ്യാസ വർഷത്തിനു വേണ്ടി വിദ്യാഭ്യാസമന്ത്രിയുടെ അഭ്യർത്ഥന കണ്ടു. പ്രശ്നങ്ങൾ ചർച്ചയിലൂടെ പരിഹരിക്കാൻ ഗവൺമെൻറ് സന്നദ്ധമാണെന്ന പ്രസ്താവനയും കാണുകയുണ്ടായി. രണ്ടും ഞങ്ങൾ സ്വാഗതം ചെയ്യുന്നു.

എത്രയും വേഗം ചർച്ചകൾ ആരംഭിക്കുക

പ്രശ്നങ്ങൾ പരിഹരിയ്ക്കുക.

കേരള പ്രൈവററ് കോളേജ് ടീച്ചർ. 1980, ജൂൺ. അഖില കേരള പ്രൈവററ് കോളേജ് ടീച്ചേഴ്സ് അസോസിയേഷൻെറ മുഖപത്രം. (സ്വകാര്യ വിതരണം മാത്രം)

വാർഷിക വരിസംഖ്യ. അഞ്ചു രൂപ. ഒററപ്രതി അമ്പതു പൈസ

പത്രാധിപ സമിതി: വി. നാരായണൻകുട്ടി, എൻ. ഭാർഗവൻ, പി. രവീന്ദ്രനാഥ്, ജി. മാധവൻനായർ, എം. ആർ. ചന്ദ്രശേഖരൻ, വി. എൻ. മുരളി (ചീഫ് എഡിററർ)

# A. K. P. C. T. A
# OFFICE BEARERS

## State

| | | |
|---|---|---|
| 1 President | — Sri. | V. Narayanankutty, Guruvayoorappan College, Calicut |
| 2 Vice-Presidents | — Sri. | N. J. Jacob, C. M. S. College, Kottayam. |
| | ,, | A. K. Raghavan Nambiar, Payyannur College, Payyannnr. |
| | ,, | G. Madhavan Nair, N. S. S. College, Nilamel |
| 3 General Secretary | — ,, | N. M. Joseph, St. Thomas College, Palai |
| 4 Secretaries | — ,, | T. R. Sasidharan, S. N. College, Nattika |
| | — ,, | N. Bhargavan, S. N. College, Varkala |
| 5 Treasurer | | |

## District

| | | | |
|---|---|---|---|
| 1 Cannanore— | President : | Sri. | T. V. Kunhirama Kurup, ~~P. R. N. S. S. College~~, N.S.S. College, Mattanur |
| | Secretary : | ,, | M. K. Chindankutty, Sir Syed College, Talipparambu |
| 2 Callcut— | President : | ,, | P. V. Chandra Mohanan, Malabar Christian College, Calicut |
| | Secretary : | ,, | K. P. R. Menon, Guruvayoorappan College, Calicut. |
| 3 Malappuram— | President : | Sri. | A. N. Sivaraman, N S S College, Manjeri |
| | Secretary : | ,, | ...... ...... |
| 4 Palghat— | President : | Sri. | ...... ...... |
| | Secretary : | ,, | T. N. Raman Pillai, N. S. S. College Ottappalam |
| 5 Trichur— | President : | Sir. | K. S. Sambhu Devan, Sree Vyasa College, Vadakkancherry |
| | Secretary : | ,, | M. K. Padmanabhan, St. Thomas College, Trichur |
| 6 Ernakulam— | President : | ,, | V. P. Govinda Marar, St. Albert's College, Ernakulam |
| | Secretary : | | C. A. Peethambaran. St. Paul's College, Kalamasserry |
| 7 Kottayam—Iddikky— | President: | Sri. | M. K. Sukumaran Nair, C. M. S. College, Kottayam |
| | Secretary : | ,, | T. C. Emmanual, St. George's College, Aruvithura |
| 8 Alleppey— | President : | Sri. | P. J. Koshy, Bishopmoor College, Mavelikkara |
| | Secretary : | ,, | C. V. Natarajan, S. N. College, Sherthalai |
| 9 Quilon— | President : | ,, | P. J. Pathrose, Catholicate College, Pathanamthitta |
| | Secretary : | ,, | S. Sabarinathan Nair, D. B. College, Sasthamcottah |
| 10 Trivandrum— | President : | Sri. | L. G. Varghese, S. N. College, Chempazhanthy |
| | Secretary: | ,, | R. Ravindran Nair, V. T. M. N. S. S. College, Dhanuvachapuram |

Prof: Srinivasa Narayanaswamy

# Reasons for Recurring Teachers' Agitation

"THERE cannot be anything more unfortunate and adverse for good education, than strike by teachers. Of all the categories of teachers, when those from colleges, walk out of classes, violate prohibitory orders and go to jails, it is the end of certain values cherished and practised."

Whenever college teachers resort to some sort of direct action to get their just grievances redressed, this is the charge levelled against them. How far this charge is correct or true?

To arrive at the truth and to make a correct assessment of the problem one has to make an in–depth study of the causes for the teachers' actions. The causes are many and varied.

Any balanced assessment of a movement which is in progress should be free from both a biased attitude and a peripheral approach. It should be free from the tendency to overestimate the achievements of the movements as well as the tendency to underestimate them. It is well to caution against both these in the beginning because both the trends seem to be prevalent in assessing what the teachers' movements in Tamil Nadu have achieved so far.

Trade unionism among teachers is a relatively recent phenomenon. It may be said to go back to half a century, but in its more militant form it is hardly two decades old. When trade unionism first became militant, the salary scales were exceptionally

low. Even in the period before the nationalisation of banks, banking was a more attractive career than university or collegiate teaching. In addition to unattractive wages there were other problems such as unsatisfactory conditions of work and lack of job satisfaction. As for the conditions of work there was much leeway to make up both in Government and private educational institutions. The private sector in education even now continues to be anarchic and narrow-minded.

The point to be noted here is that the pay scales of college and university teachers were revised only because of the strength of the trade union movement of teachers atleast in Tamil Nadu. Now the scales of pay have been revised and put on par with some of the better paid government services. But the psychological approach of those who gained by it is that nothing has happened or atleast much has to be accomplished. In other words there has been no corresponding modification in the attitudes of those who man the profession.

Agitation by College Teachers has become a recurrent if not a common feature. But in most times there are compelling reasons for them to do so. In certain situations the teachers are driven to desperation and are left with no other alternative than to resort to direct action methods. Ours is a highly unjust society, and injustices take place all the time. The crisis—the moral crisis—of Indian society is reflected fully in universities and colleges. Teachers cannot in any way be different from the rest of the community. If there is wheeling and dealing else where, some bit of it is bound to be reflected in the teaching world also. In other words a teacher cannot be an angel when others around him think and act like devils. So, the need for strong and responsible trade unionism is clear.

## EDUCATION AN INDUSTRY

In a historic judgment delivered on February 21, 1978 the Supreme Court said: "Why is it strange to regard education as an industry? Its respectability? Its lofty character? Its professional stamp? Its cloistered virtue which cannot be spoiled by the commercial implications and the racous voices of workmen? The pejorative assumption seems to be that "Industry"—is something inferior, disparaging and should not be allowed to sully the sanctified subject of education. In our view industry is a noble term and embraces even the most sublime activity. "It is a class-conscious, inegalitarian outlook with an elitist aloofness which makes some people shrink from accepting educational institutions, vocational or other as industries."

In another judgment in the Bangalore Water Supply and Sewerage Board vs. A. Rajappa and others the Supreme. Court held that educational institutions and research institutes which satisfied the tests laid down by it woud come within the definition of the term "Industry" in the Industrial Disputes Act of 1947. The Court also overruled its earlier judgment in the Management of Safdarjung Hospital, New Delhi Vs. Kuldip Singh Sethi and held that all hospitals would come within the purview of the Act.

The supreme Court has thus unequivocally classified educational institutions as Industry.

A direct result of these two important judgments was the introduction of "the Hospitals and Educational Institutions (conditions of service and settlement of employment disputes) Bill", in Parliament on Aug. 30, 1978 by Mr. Ravindra Varma, the then Union Labour Minister.

Teachers, all over the country, have come closer to and have developed a sense of identity with the working class, in the process of organising themselves for struggles to achieve their just demands. The process of struggle has made them "class–conscious" in that they no longer feel shy of the fact that they too are workers. What is more, they take pride in openly declaring it. But from the point of view of the powers-that–be, this is an alarming development, fraught with dangeraus implications for the forces of status quo and for the stability of the established order. For teachers are supposed to ensure the continuity of the culture of silence. If they themselves begin to question the sanctity of the established order, and in the process of so doing line–up with the rebellious working class where will it lead to?

Teachers should not be led by the illusion that they belong to a higher status in society. The reality does not justify their remaining in ivory towers and speaking from a privileged position. The so-called "status" being enjoyed by the teachers is a concept being used by the vested interests to deprive them of even their basic rights.

The struggle of the teachers is not just to improve their material condition in terms of salary, status etc. It is a struggle, within the framework of our educational system, between the forces of democracy and the forces of authoritarianism. It is akin to the larger struggle being waged in our society today between the democratic and authoritarian forces. The most important feature of the history of post-independent India is the gradual but steady rise of the democratic movements of the people and the corresponding decline of the authoritarian forces represented by the feudal-capitalist power complex. An analysis of the character of our educational system will show that a similar power complex operates in the sphere of education also. The struggles being launched by teachers, students and the non-teaching staff—who indeed represent the democratic component in the system of education—are really directed against this power complex, composed of the private managements. the bureaucracy of the government and the universities. And the very political government is trying to do its best to crush this revolt of the democratic forces.

Teachers are maligned—both by the society and the Government. So is the case with most sections of workers. How is it possible to detach teachers from the main stream of social disinterestedness, an atmosphere of general complacence? How can any knowledge or information be imparted honestly and sincerely under the threat of insecurity, denial of payment and the surveillance of bureaucratic torpor? Why segregate the teacher in the process of building up the society?

Day in and day out, the educational system is critised and given minus points by almost everybody, even by the one who is least qualified to comment on it According to Dr. Malcolm Adiseshiah, former Vice-Chancellor of the Madras University, the biggest trouble is that everybody in our political hierarchy is an expert on educational matters. Instead of correcting the anomaly, the teacher comes under attack every timeeither implicitly or explicitly. Is it the teacher who made the educational system? In fact, he himself is a product of the system. If the prodtuct is bad, the fault does not necessarily lie with the worker who is producing it. For all we know, the machine itself may be bad. The technique may be outdated. The management may be inefficient.

### TEACHERS' CONTENTION

change the education system by all means; don't destory it. Let it have a social relevance. Make the teachers an institution, but don't create amorphous groups who cannot even breathe properly. If education is an industry (according to the Supreme Court) then its product should find a market or the factory should be closed down and the worker sholud be out. When an industry cannot sell its procuct,it diversifies, and if this diversification has to come by vocationalising the education bring it at once, but don't malign the teacher.

(Hindu)

---

കേരള യൂണിവേർസിററി സിൻഡിക്കേററിൻെറ ആദ്യയോഗം, വിവിധ സബ്ജക്ട്കമ്മിററികൾ രൂപീകരിച്ചു. ടീച്ചിംഗ് ആൻറ് നോൺ ടീച്ചിംഗ് കമ്മിററി കൺവീനർ പ്രൊ: ടി. ഗോപാലകൃഷ്ണനാണ്.

---

# അറിയിപ്പുകൾ

ജേർണൽ അടുത്തലക്കം മുതൽ വരിക്കാർക്ക് നേരിട്ട് അയയ്ക്കാൻ കഴിയും. അതുകൊണ്ട് വരിക്കാരുടെ മേൽവിലാസം ചീഫ് എഡിററർക്ക് എത്തിക്കണം (വി. എൻ. മുരളി, 'വസന്തം', ചെമ്പകശ്ശേരിലെയിൻ, കോവുദാസപുരം. തിരുവനന്തപുരം—4). ജേർണലിന് കൂടുതൽ വരിക്കാരെ ചേർക്കുകയും വേണം. സംഘടനാവാർത്തകൾക്കു പുറമേ ഉന്നതവിദ്യാഭ്യാസവുമായി ബന്ധപ്പെടുന്ന പ്രശ്നങ്ങൾ നമ്മുടെ ജേർണലിൽ ചർച്ചചെയ്യപ്പെടുന്നുണ്ട്. കൂടാതെ ഗവൺമെൻറ്—യൂണിവേർസിററി തലങ്ങളിൽ നിന്നുണ്ടാകുന്ന ഓർഡറുകളും ജേർണൽ വഴി അദ്ധ്യാപകർക്കെത്തിക്കാൻ കഴിയും. വാർഷികവരി സംഖ്യ അഞ്ചു രൂപ മാത്രമാണ്. ചീഫ് എഡിററുടെ പേർക്കയയ്ക്കുക.

വെൽഫയർ ട്രസ്റ്റിൽ ഇനിയും അംഗങ്ങളായിട്ടില്ലാത്തവരെ അംഗങ്ങളാകുന്നതിനുള്ള തീവ്രശ്രമം ആരംഭിക്കണം. ട്രസ്റ്റിൻെറ പ്രവർത്തനം കൃത്യമായി മുന്നോട്ടുപോകുന്നുണ്ട്. എങ്കിലും ഈ രംഗത്തുള്ള നമ്മുടെ ബാധ്യത വർദ്ധിച്ചിരിക്കയാണ്. അതുകൂടി കണക്കിലെടുത്ത് നമ്മുടെ പ്രവർത്തനം ത്വരിതപ്പെടുത്തേണ്ടതുണ്ട്. ട്രസ്റ്റിലേയ്ക്കുള്ള അപേക്ഷാഫാറം ജനറൽ സെക്രട്ടറിയുടെ പേർക്കെഴുതിയാൽ ലഭിയ്ക്കും.

മെമ്പർഷിപ്പു പ്രവർത്തനം ആരംഭിച്ചിരിയ്ക്കുമല്ലോ. സംഘടിതശക്തി ആവുന്നത്ര വർദ്ധിപ്പിച്ച് അവകാശങ്ങൾക്കു വേണ്ടി പൊരുതേണ്ട ഈ കാലഘട്ടത്തിൽ കൂടുതൽ പുതിയ അംഗങ്ങളെ സംഘടനയിലേയ്ക്കു കൊണ്ടുവരുവാൻ യൂണിററ് ഭാരവാഹികൾ ശ്രദ്ധിയ്ക്കണം. സംസ്ഥാനട്രഷറർ പ്രൊ: എൻ. മാധവൻെറ (എസ്. എൻ. കോളേജ്, വർക്കല) പേർക്കാണ് മെമ്പർഷിപ്പുതുക അയയ്ക്കേണ്ടത്.

ജനറൽ സെക്രട്ടറി
എ. കെ. പി. സി. ടി. എ.

# GOVERNMENT OF KERALA

## GENERAL. ADMINISTRATION (SERVICES D) DEPARTMENT

NO. 37158/SD2/80/GAD.
Dated, Trivandrum: 23-5-1980.

MINUTES OF THE MEETING HELD AT 10 A. M. ON 18/4/1980 BY THE CHIEF MINISTER WITH THE REPRESENTATIVES OF SAMARA SAMITHI.

**Present:-**

1. Chief Minister 2. Minister(Education) 3. Minister (Finance), 4. Chief Secretary to Government, 5. Special Secretary (Finance) 6. Special Secretary (General Administration Deptt.) 7. Secretary (Higher Education) 8. Additional Secretary (Finance) 9. Additional Secretary (G.A.D.) 10. Joint Secretary, Finance 11. Joint Secretary, Higher Education 12. Sri. K. V. Devadas, Convener, Samara Samithy 13. Sri. P. K. Nambiar, General Secretary 14. Sri. P. R. Rajan, Vice -President, Kerala N. G. O. Union, Trivandrum. 15. Sri. T. V. Appunni Nair, President, N. G. O. Association. 16. Sri. T. S. Krishnan Nair President, K. S. U. S. A. 17. Sri. M. Balakrishnan, General Secretary, N. G. O. Badagara, Calicut District. 18. Sri. G. Madhavan Nair, General Secretary, Kerala Panchayat Employees Association, Kalluvathukkal, P. O. 19. Sri. K. Ramachandran Nair, President, Association of Kerala Government College Teachers, Maharaja's College, Ernakulam. 20. Sri. R. Gopinathan Nair, General Secretary, Kerala Municipal & Corporation Staff Union, Corporation Office, Trivandrum. 21. Sri. R. R. C. Nair, AKPCTA 22. Sri. V. K. Gopinathan, K. P. T. U. (President) Government Press Junction, Trivandrum. 23. Sri. S. Parameswaran Nair, General Secretary, Joint Council. 24. Sri. K. Karunakaran Pillai, General Secretary 25. Sri. A. Aboobakerkunju, Secretary, kerala N. G, O. Association. 26 Sri. G. Divakaran Nair, Secretary, joint Council. 27. Sri. M. Bava, President, Kerala N. G. O. Front, 28. Sri. M. Kurshid Ahmed' Joint Secretary, Secretariat Employees Association, 29. Sri. H. K. Pisharoti, Treasurer, K. P, T. U. Valanchery, P. O. 30. Sri. V. K. N. Panicker, General Secretary, N. G. O. Association. 31. Nellimood Prabhakaran, Secretary, Village Staff Association. 32. Sri. T. K. Balan, General Secretary, N. G. O. Union. 33. Sri. M. V. Kassim, Public Secrvice Commission Staff Association.

At the outset, the Chief Minister indicated that the discussion with the representatives of the Service and Teachers Organisations was arranged as per the accepted Policy of the present Government. He also added that the items included in the agenda for discussion would require some change in view of the difficulty to cover all the items in one day.

2. The representatives of Samara Samithi Pointed out that the orders issued

in G. O. (P)1041/79/Fin. dated 27–11–1979 regarding grade Promotions could not be implemented for various reasons, The Chief Minister agreed to the change of priority in the agenda items, so that problems connected with grade promotion could be discussed first. The follwing requests were made by the Samithi for the implementation of the orders regarding grade Promotion:

... ... ... ... ... ... ... ... ... ...

8, It was also pointed out that the service as junior Lecturers is not now counted for non–cadre promotin. Similarly only two years of service in Private Collage is counted for promotion in respect of Government College Lecturers. Minister (Education) pointed out that these issues would be examined by Government.

... ... ... ... ... ... ... ... ... ... ... ... ... ...

10. It was pointed out that revised orders issued regarding scales of pay and grades of Co–operative Inspectors have not been made applicable to the Co–operative Inspectors of the Industries Department. Similarly the anomalies in the revised scales allowed to the Live Stock Assistants and Physical Education Lecturers were suggested to be rectified. There are also other cases of anomalies pointed out in the memorandum submitted by Samithi on 20-8–1979. The Chief Minster indicated that decisions on the various points raised in the Memorandum dated 20–8–1979 submitted bySamithy would be taken by Govern ment within a period of three months.

It was pointed out that there are some important issues like 'dies–non', code of conduct for employees etc. to be decided by Government. Chief Minister mentioned that decisions on these will take some time. He added that a discussion with the employees can be held after they are examined at Government level. When pressed for a definite time limit for decision, the Chief Minister expressed his desire to arrive at an early decision in the matter.

... ... ... ... ... ... ...

14. The Samara samithy wanted to have discussion on the U. G. C. Scales for collage teachers. Chief Minister expressed his inability to discuss the matter now. When the representatives of the employees pointed out the items still pending for discussion and requested to fix a date for further discussion, the Chief Minister mentioned that no firm date could be fixed now but a date for discussion will be fixed as early as possible.

... ... ... ... ...

---

## 'ഡിസംബർ 5'

ഡിസംബർ അഞ്ചിന്റെ പണിമുടക്കിൽ പങ്കെടുത്ത അധ്യാപർക്ക് അവകാശപ്പെട്ട അവധി എടുക്കാം എന്ന 'സൗജന്യം' ആരും തന്നെ സ്വീകരിക്കേണ്ടതില്ല. ഇക്കാര്യത്തിൽ സ്പെഷ്യൽ കാഷ്വൽ ലീവനുവദിയ്ക്കാൻ ഗവൺമെൻറു തയാറാകണമെന്നാണ് സംഘടന ആവശ്യപ്പെടുന്നത്. അത് കൊണ്ട് എ. കെ. പി. സി. ടി. എ അംഗങ്ങളാരും ആ ദിവസത്തെ അവധിയ്ക്ക് അപേക്ഷിക്കേണ്ടതില്ലെന്ന് അറിയിയ്ക്കുന്നു.

ജനറൽ സെക്രട്ടറി

എ. കെ. പി. സി. ടി. എ

# സിംപോസിയം

എ. കെ. പി. സി. ടി. എ. യുടെ പതിനൊന്നാം കൺവൻഷനോടനുബന്ധിച്ച് 'വിദ്യാഭ്യാസ സ്ഥാപനങ്ങളും ന്യൂനപക്ഷാവകാശവും' എന്ന വിഷയത്തെക്കുറിച്ച് ഒരു സിംപോസിയം നടക്കുകയുണ്ടായി. ഡോ: പൗലൂസ് മാർഗ്രിഗോറിയോസ് (പ്രിൻസിപ്പൽ, ഓർതഡോക്സ് തിയോളജിക്കൽ സെമിനാരി (കോട്ടയം), ഡോ: വിക്ടർ നരിവേലി (പത്രാധിപർ, ദീപിക) ശ്രീ. പി. കെ. രാജൻ (ജനറൽ സെക്രട്ടറി, കേരളാ യൂണിവേഴ്സിററി ടീച്ചേഴ്സ് അസോസിയേഷൻ) എന്നിവരായിരുന്നു ചർച്ചയിൽ പങ്കെടുത്തത്. ചർച്ചയ്ക്കാധാരമായ പ്രബന്ധം പ്രൊ: ജി. മാധവൻനായർ അവതരിപ്പിച്ചു. പ്രൊ: ആർ. ആർ. സി. ആയിരുന്നു മോഡറേറർ. എന്തുകൊണ്ടാണ് ഈ വിഷയം ചർച്ചയ്ക്കായി തെരഞ്ഞെടുത്തത് എന്ന് പ്രൊ: ആർ. ആർ. സി. ആദ്യം തന്നെ വ്യക്തമാക്കി.

## ആർ. ആർ. സി.

കേരളത്തിലെ കോളേജുകളിൽ എഴുപത്തഞ്ചുശതമാനവും പ്രൈവററ് മേഖലയിലാണ്. അതിൽത്തന്നെ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്നവയാണ് ഭൂരിപക്ഷം കോളേജുകളും. ഇത്തരം കോളേജുകളിൽ ജോലി നോക്കുന്ന ന്യൂനപക്ഷ സമുദായത്തിൽത്തന്നെ ഉൾപ്പെടുന്ന അധ്യാപകന്റെ അവകാശങ്ങൾ ഭരണഘടനയിലെ ആർട്ടിക്കിൾ 30 (1) എന്ന പാറയിൽത്തട്ടിത്തകരുന്നുവെന്നതാണ് ഇന്നത്തെ ദയനീയാവസ്ഥ. ന്യൂനപക്ഷാവകാശങ്ങൾ മാനേജ്ജുമെൻറിനു മാത്രമുള്ളതാണോ എന്ന ന്യായമായ ചോദ്യം ഇവിടെയാണ് ഉയർന്നുവരുന്നത്. കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്സ് കോളേജിലെ ഫാദർ നെടുംതകിടിയെ പിരിച്ചുവിട്ടതും ഫാത്തിമാകോളേജിലെ പിരിച്ചുവിടലുകളും ഉദാഹരണമായി കാണാവുന്നതാണ്. ഇവിടെയൊക്കെ ഭരണഘടനാപരമായ സംരക്ഷണം മാനേജുമെൻറിനുകിട്ടി. അധ്യാപകർക്കാകട്ടെ സംഘടനമാത്രമായിരുന്നു രക്ഷ. എ. കെ. പി. സി. ടി. എ. നടത്തിയ ശക്തമായ സമരങ്ങളിലൂടെയാണ് ഈ പിരിച്ചുവിടലുകളെ നേരിട്ടു വിജയിയ്ക്കാൻ അധ്യാപകർക്കു കഴിഞ്ഞത്. ന്യൂനപക്ഷത്തിൻേറതായ മതം, സംസ്ക്കാരം, ലിപികൾ എന്നിവ സംരക്ഷിക്കപ്പെടണമെന്ന കാര്യത്തിൽ അസോസിയേഷന് തർക്കമില്ല. എന്നാൽ പൊതുസിലബസിന്റെ അടിസ്ഥാനത്തിലും ഗവൺമെൻറ് നേരിട്ട് ശമ്പളം നല്കിയും നടത്തപ്പെടുന്ന സ്ഥാപനങ്ങളും ആർട്ടിക്കിൾ 30 (1) ന്റെ കുടക്കീഴിൽ കൊണ്ടുവരുന്നതു ശരിയല്ല. കോടതി വ്യാഖ്യാനങ്ങളിലൂടെ, ഏതുതരത്തിലുള്ള ഭരണവും നടത്താനുള്ള സ്വാതന്ത്ര്യമാണ് ഇന്ന് മാനേജ്ജുമെൻറിനു ലഭിച്ചിട്ടുള്ളത്. ഇതിന്റെ തിക്ത ഫലമനുഭവിക്കുന്നതോ അധ്യാപകരും. ഇവിടെ ഉയർന്നുവരുന്ന മാനുഷികപ്രശ്നം ഏവരും കാണേണ്ടതുണ്ട്.

ഭാവി പൗരന്മാരെ വാർത്തെടുക്കുന്ന അധ്യാപകന് അഭിമാന ബോധത്തോടെ പഠിപ്പിക്കാനുള്ള അവസരം ഇന്നില്ല എന്ന ആമുഖത്തോടെയാണ് പ്രൊ: ജി. മാധവൻനായർ ചർച്ചയ്ക്കായി തന്റെ പ്രബന്ധം അവതരിപ്പിച്ചത്. (പ്രബന്ധം ഈ ലക്കത്തിലുണ്ട്) ചർച്ചയിൽ പങ്കെടുത്തുകൊണ്ട് ദീപികാ പത്രാധിപർ ഡോ: വിക്ടർ നരിവേലി ആദ്യം സംസാരിച്ചു.

## ഡോ: വിക്ടർ നരിവേലി

അധ്യാപകരും വിദ്യാർത്ഥികളും മാനേജുമെൻറും ഒത്തൊരുമിച്ച് പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കണം. ഇന്നത്തെ വ്യവസ്ഥിതിയ്ക്ക് വളരെ പഴക്കമുണ്ട്. ഭരണഘടനയെക്കാൾ പഴക്കം. ഇന്നത്തെ വ്യവസ്ഥിതിയിൽ ഈ പ്രശ്നത്തിന് എങ്ങനെയാണ് പരിഹാരം കണ്ടെത്തുക എന്നാണ് നാം ആലോചിക്കേണ്ടത്. ന്യായവും അന്യായവും ആയ പക്ഷാന്തരങ്ങൾ എല്ലാവരിലും ഉണ്ട്. നിയമപരമായി മാത്രം പരിഹരിക്കാവുന്ന ഒന്നല്ല ഈ പ്രശ്നം. പരസ്പരം സംശയത്തോടെയാണ് എല്ലാവരും കാണുന്നത്.

ഒരു പൊതുധാരണയില്ല. പരസ്പരബന്ധത്തിന്റേതായ അന്തരീക്ഷം ഉണ്ടാകേണ്ടിയിരിക്കുന്നു. മാനേജ്മെന്റുമായി അനുരഞ്ജനമാണ് വേണ്ടത്.

## ഡോ: പൗലൂസ് മാർഗ്രിഗോറിയോസ്.

പ്രശ്നത്തിന്റെ ആത്യന്തികപരിഹാരം വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഗവണ്മെന്റ് ഏറ്റെടുത്തുനടത്തുക എന്നതാണ്. കോടതികളെ കുറ്റം പറയുന്നതുകൊണ്ടുമാത്രം കാര്യമില്ല. ഇത്തരം പ്രശ്നങ്ങൾ പൊതു ജനങ്ങളുടെ ഇടയ്ക്ക് ചർച്ചചെയ്യപ്പെടണം. അങ്ങനെ ജനങ്ങളിൽ ഇതൊരു ചർച്ചാ വിഷയമാക്കാൻ സംഘടനകൾക്കു കഴിയണം. സംഘടനകൾ സ്വന്തം ആവശ്യംമാത്രം ചിന്തിച്ചാൽ പോര. സമൂഹം മുന്നോട്ടു പോകാൻ എന്താണ് ആവശ്യം എന്നുകൂടി ആലോചിക്കാൻ കഴിയണം. സാമൂഹ്യ പുരോഗതിയിൽ കാര്യമായ താല്പര്യം ഉണ്ടായാലേ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയൂ. സമരത്തിന്റെ പാതയിലൂടെ മുന്നോട്ടു പോയതുകൊണ്ടാണ് അധ്യാപകർക്കിന്നുള്ള നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞത്.

## പി. കെ. രാജൻ.

ഈ പ്രശ്നം ഇന്ത്യയിൽ നിലനില്ക്കുന്ന വർഗ്ഗപരമായ പ്രശ്നത്തിന്റെ വിദ്യാഭ്യാസ രംഗത്തെ പ്രതിഫലനമാണ്. അതുകൊണ്ട് ഒരിന്ത്യൻ പ്രശ്നം എന്ന നിലയിൽ ഇതിനെ കാണുകയും എന്താണ് പരിഹാരമെന്ന് ആഴത്തിൽ ചിന്തിക്കുകയും വേണം. എല്ലാരംഗത്തും ചൂഷണം നിലനിൽക്കുന്ന ഒരു സാമൂഹ്യ വ്യവസ്ഥയാണ് ഇന്നുള്ളത്. ന്യൂനപക്ഷമായാലും ഭൂരിപക്ഷമായാലും ചൂഷണത്തിനു കുറവില്ല. മാനേജുമെന്റുകൾക്ക് അവരുടേതായ വർഗ്ഗസ്വഭാവമുണ്ട്. അതിനെതിരേ രൂപംകൊണ്ട ജനവികാരമാണ് അധ്യാപകപ്രസ്ഥാനം. അതുകൊണ്ടുതന്നെ മാനേജുമെന്റിന്റെ ശക്തമായ എതിർപ്പ് അധ്യാപകപ്രസ്ഥാനത്തിനു നേരിടേണ്ടിവരും.

മതന്യൂനപക്ഷങ്ങൾ മാറ്റപ്പെട്ടു നില്ക്കുന്ന ഇന്നത്തെ നിഷേധാത്മകനയം അവരു തിരുത്തേണ്ടതുണ്ട്. ജനാധിപത്യപ്രസ്ഥാനങ്ങളോടു ബന്ധപ്പെട്ടാണ് അവർ നിലകൊള്ളേണ്ടത്. കാരണം ന്യൂനപക്ഷ സംരക്ഷണം ന്യൂനപക്ഷങ്ങൾക്കുമാത്രമായി സാധിക്കുന്നതല്ല. ജനാധിപത്യ പ്രസ്ഥാനങ്ങൾക്കാണ് അതുകഴിയുക. ഈ ഒരു കാഴ്ചപ്പാടാണ് അധ്യാപക സംഘടനകൾക്കുള്ളത്.

പല അധ്യാപക സംഘടനകളും ഒന്നാകുന്നകാലമാണിത്. വിദ്യാഭ്യാസരംഗത്തെ സംഘടനകളുടെ ആകെയുള്ള ഒരു കോൺഫെഡറേഷൻ ഉണ്ടായാൽ മാത്രമേ ഇന്നുള്ള പല പ്രശ്നങ്ങളും പരിഹരിക്കാൻ കഴിയൂ.

സിമ്പോസിയത്തിൽ പങ്കെടുത്തവർക്ക് പ്രൊ: അമ്പലപ്പുഴ രാമവർമ്മ സ്വാഗതവും പ്രൊ: എം. കെ. സുകുമാരൻനായർ കൃതജ്ഞതയും പറഞ്ഞു.

—o—


ഒന്നാംവർഷ പ്രീഡിഗ്രി ചരിത്ര പാഠപുസ്തകങ്ങൾ

—കേരള, കോഴിക്കോട്—

1. ഇന്ത്യാചരിത്രം — ഒന്നാംഭാഗം
വില 9.00

2. ലോകചരിത്രം — ഒന്നാംഭാഗം
വില 12.00

by

പാലാ എസ്. കെ. നായർ
ലക്ചറർ
ചരിത്രവിഭാഗം
എൻ. എസ്. എസ്.
ഹിന്ദു കോളേജ്
ചങ്ങനാശ്ശേരി.

സെന്റ് മേരീസ് പ്രസ് &
ബുക്ക് ഡിപ്പോ
ചങ്ങനാശ്ശേരി

പ്രൊഫ. ജി. മാധവൻനായർ

# വിദ്യാഭ്യാസസ്ഥാപനങ്ങളും ന്യൂനപക്ഷാവകാശവും

രാജ്യത്തിന്റെ ഭാവി നിർണ്ണയിക്കുന്നതിൽ വിദ്യാലയങ്ങളുടെ പങ്ക് സുപ്രധാനമാണല്ലൊ. രാഷ്ട്രപുനർനിർമ്മാണത്തിൽ ഗൗരവമേറിയ കടമകൾ നിർവ്വഹിക്കാനുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ഇന്നത്തെ സ്ഥിതി വളരെ ശോചനീയമാണ്. നമ്മുടെ കലാലയങ്ങൾ ഇന്ന് കച്ചവടകേന്ദ്രങ്ങളായി മാറിയിരിക്കുന്നു. പ്രീഡിഗ്രിക്ക് ഇരുനൂറു രൂപ മുതൽ എം. എ. യ്ക്ക് പതിനായിരം രൂപവരെ കോഴ കൊടുത്ത് വിദ്യാർത്ഥികൾ കലാലയങ്ങളിൽ കടന്നു ചെല്ലുന്നു. കോളജിൽ അധ്യാപകനായി ജോലി കിട്ടാൻ ഇന്നു കൊടുക്കേണ്ടുന്ന തുക അരലക്ഷം ഉറുപ്പികയായി ഉയർന്നിട്ടുണ്ട്. കോർപറേററു മാനേജുമെൻറുകൾ നടത്തുന്ന കോളേജുകളിൽ സ്ഥലം മാററം കിട്ടുന്നതിനും ഒഴിവാക്കുന്നതിനും ആണ്ടുതോറും മാനേജർക്ക് കോഴ കൊടുക്കേണ്ടി വരുന്നു. ഇതിനു പുറമെ സംഭാവന എന്ന ഓമനപ്പേരിൽ ജീവനക്കാരിൽ നിന്നും എത്രയെങ്കിലും പണം മാനേജമെൻറ് പിരിച്ചെടുക്കുന്നുമുണ്ട്. ജീവനക്കാരും വിദ്യാർത്ഥികളും ഇതൊക്കെ കണ്ടില്ലെന്നു നടിച്ച് സ്വന്തം കാര്യങ്ങളിൽ ഒതുങ്ങി കൂടുന്നു എന്നത് ഗൗരവമായി കണക്കിലെടുക്കേണ്ട ഒരു സ്ഥിതി വിശേഷമാണ്. ആദർശത്തിനുവേണ്ടി ജീവൻ ബലികൊടുത്ത വീരപുരുഷൻമാരേപ്പററി ക്ളാസ്സുമുറികളിൽ ആവേശത്തോടെ പ്രസംഗിക്കയും പുറത്ത്, മാനേജരുടെ മുമ്പിൽ ആദർശം പണയപ്പെടുത്തി ഓഛാനിച്ചു നില്ക്കുകയും ചെയ്യുന്ന അധ്യാപകന്റെ ഗതികേടിനെപ്പററി ഏറെ പറയാതിരിക്കുകയാണ് നല്ലത്.

ജീവനക്കാർക്ക് മാനമായി ജോലി ചെയ്യാനുള്ള അന്തരീക്ഷം എന്തുകൊണ്ട് കലാലയങ്ങളിൽ ഉണ്ടാകുന്നില്ല എന്ന് പരിശോധിക്കേണ്ടതാണ്. കഴിഞ്ഞ കുറെ വർഷങ്ങളിൽ കേരളത്തിലെ സ്വകാര്യകോളജുകളിൽ നടന്ന ചില സംഭവങ്ങൾ ഈ അവസരത്തിൽ ഓർക്കുന്നത് പ്രയോജനപ്രദമാണ്. കൊല്ലം ഫാത്തിമാ മാതാ നാഷണൽ കോളജിൽ ജോലി നോക്കിയിരുന്ന ജോർജ്ജ തോമസ്, സരളാജോൺ എന്നീ അധ്യാപകരെ 1957 ൽ മാനേജ്മെൻറ് പിരിച്ചുവിട്ടു. അധ്യാപകരുടെ പരാതിയിൻമേൽ അന്വേഷണം നടത്തിയ യൂണിവേഴ്സിററി സിൻഡിയ്ക്കേററംഗങ്ങൾ പിരിച്ചുവിടൽ അന്യായമാണെന്നും അവരെ തിരികെ സർവ്വീസ്സിൽ പ്രവേശിപ്പിക്കണമെന്നും ശുപാർശ ചെയ്യുകയുണ്ടായി. യൂണിവേഴ്സിററിയുടെ നിർദ്ദേശം നടപ്പാക്കാൻ മാനേജ്മെൻറ് വിസ്സമ്മതിച്ചു. അതേ കോളജിലെ മൈയ്ക്കൽ എന്ന അധ്യാപകനെ 1968—ൽ പിരിച്ചു വിട്ടപ്പോഴും യുണിവേഴ്സിററി ഇടപെടുകയുണ്ടായി. പിരിച്ചു വിടൽ നിയമങ്ങൾക്കു വിരുദ്ധമായിട്ടാണെന്നും അധ്യാപകനെ തിരികെ എടുക്കണമെന്നു, യൂണിവേഴ്സിററി ആവശ്യപ്പെട്ടു. ഇത്തവണയും യൂണിവേഴ്സിററി നിർദ്ദേശം അനുസരിക്കാൻ മാനേജ്മെൻറ് വിസ്സമ്മതിച്ചു. കാഞ്ഞിരപ്പള്ളി സെൻറ് ഡൊമിനിക്ക്സ് കോളജ്മാനേജ്മെൻറ് 1969 ൽ ഒരു കോഴ്സ് മനപ്പൂർവ്വം നിർത്തലാക്കി ഫാദർ ജോസഫ് നെടുന്തകിടിയെ പിരിച്ചുവിട്ടു. ഏകപക്ഷീയമായി കോഴ്സു നിർത്തലാക്കിയ നടപടി തെററാണെന്നും കോഴ്സു പുനരാരം

ളിച്ച് ഫാദർ നെടുന്തകിടിയെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കണമെന്നുമുള്ള യൂണിവേഴ്സിറ്റി നിർദ്ദേശം മാനേജ്മെന്റ് നടപ്പാക്കിയില്ല. എറണാകുളം സെന്റ് ജോസഫ് ട്രെയിനിംഗ് കോളജിൽ പ്രിൻസിപ്പൽ ആയിരുന്ന ലില്ലി കുര്യനെ പിരിച്ചുവിട്ടത് നിയമവിരുദ്ധമാണെന്ന് കേരളാ യൂണിവേഴ്സിറ്റി വൈസ് ചാൻസലറും അപ്പലേററ് ട്രൈബ്യൂണലും വിധിച്ചു. അവരുടെ വിധിയും മാനേജ്മെന്റ് അനുസരിക്കുകയുണ്ടായില്ല. വർഷങ്ങൾക്കുമുമ്പ് ജോസഫ് മുണ്ടശ്ശേരിയോടും എം. പി. പോളിനോടും സ്വീകരിച്ച നയം തന്നെ ഇപ്പോഴും സ്വകാര്യ കോളേജ് മാനേജ്മെന്റ് തുടരുന്നു എന്നാണ് ഈ ഉദാഹരണങ്ങൾ കാണിക്കുന്നത്.

ഈ സാഹചര്യത്തിലാണ് സേവനവ്യവസ്ഥകൾക്ക് നിയമപരമായ ഉറപ്പുവരുത്താൻ വേണ്ടി അദ്ധ്യാപകർ വ്യാപകമായി എ. കെ. പി. സി. ടി. എ. യുടെ നേതൃത്വത്തിൽ പ്രക്ഷോഭം നടത്തിയത്. അതിന്റെ ഫലമായി 1966-ൽ കോളജ് അദ്ധ്യാപകരുടെ മാഗ്നാ കാർട്ടാ എന്നു വിശേഷിപ്പിക്കുന്ന യൂണിവേഴ്സിറ്റി നിയമം സർക്കാർ പാസ്സാക്കി. തന്നിഷ്ടം കാണിക്കുന്ന മാനേജുമെന്റുകളുടെ മേൽ നിയന്ത്രണമേർപ്പെടുത്തുന്ന ചില വകുപ്പുകൾ ഈ ആക്ടിൽ ഉൾപ്പെടുത്തിയിരുന്നു. ഭരണഘടനാ വിരുദ്ധമെന്ന് പറഞ്ഞ് അവയൊക്കെ അസാധുവായി കോടതി പ്രഖ്യാപിച്ചപ്പോൾ ഈ വകുപ്പുകൾ കുറെക്കൂടി മയപ്പെടുത്തി 1974-ൽ മറ്റൊരു യൂണിവേഴ്സിറ്റി നിയമം സർക്കാർ എഴുതിയുണ്ടാക്കി. ഇതിൻ ഉൾപ്പെടുത്തിയിരുന്ന, അദ്ധ്യാപകരുടെ പരിമിതമായ സേവനവ്യവസ്ഥകൾ പോലും ഹൈക്കോടതി വിധിമൂലം നഷ്ടപ്പെട്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റി നിയമങ്ങൾ അനുസരിയ്ക്കാത്ത മാനേജുമെന്റുകൾക്കുള്ള ധനസഹായം പിൻവലിക്കാൻ യൂണിപേഴ്സിറ്റിയെ അധികാരപ്പെടുത്തുന്ന 54 (7) വകുപ്പും റദ്ദാക്കപ്പെട്ടവയിൽ ഉൾപ്പെടുന്നു.

ഗജേന്ദ്രഗാഡ്കർ കമ്മീഷൻ ശുപാർശ ചെയ്ത, കോളജുകളുടെ ജനാധിപത്യവൽക്കരണം എന്ന ആശയത്തെ മുൻനിർത്തി ആക്ടിൽ ഉൾപ്പെടുത്തിയിരുന്ന 52, 53 വകുപ്പുകളുടെ അർത്ഥവ്യാപ്തി കോടതി വെട്ടിചുരുക്കിയിരിക്കുന്നു. സ്വകാര്യ കോളേജുകളുടെ ഭരണച്ചുമതല വഹിക്കുന്ന സമിതികളിൽ (ഗവേർണിംഗ് ബോഡി/മാനേജിംഗ് കൗൺസിൽ) ജീവനക്കാരുടെയും വിദ്യാർത്ഥികളുടെയും പ്രതിനിധികളുള്ളതുകൊണ്ട് ഇവയ്ക്ക് ഉപദേശസമിതികളിൽ കവിഞ്ഞ അർത്ഥം നല്കുന്നത് ഭരണഘടനാ വിരുദ്ധമാണെന്നാണ് കോടതികളുടെ അഭിപ്രായം. ഈ സമിതികൾ ഇതേവരെ രൂപീകരിയ്ക്കാത്ത അനവധി മാനേജുമെന്റുകൾ ഉണ്ടെന്നതും ശ്രദ്ധിക്കപ്പെടേണ്ടതാണ്. അദ്ധ്യാപകരുടെ നിയമനത്തിന് യൂണിവേഴ്സിറ്റിയുടെ അംഗീകാരം വേണമെന്ന് അനുശാസിക്കുന്ന 57 (9) വകുപ്പ്, മാനേജുമെന്റ് നിയമിക്കുന്ന അദ്ധ്യാപകർക്ക് നിർദ്ദിഷ്ടയോഗ്യതയുണ്ടോ എന്ന് പരിശോധിക്കാനുള്ള അധികാരം മാത്രമേ യൂണിവേഴ്സിറ്റിക്ക് നൽകുന്നുള്ളു എന്ന് കോടതി വിധിച്ചിട്ടുണ്ട്. ചുരുക്കത്തിൽ ഇന്ന് നിലവിലുള്ള യൂണിവേഴ്സിറ്റി നിയമം അദ്ധ്യാപകന് ഭദ്രമായ സേവന വ്യവസ്ഥകൾ ഉറപ്പു ചെയ്യുന്നില്ല.

അങ്ങനെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്ന കോളേജ് അദ്ധ്യപകരുടെയും അനദ്ധ്യാപകരുടെയും ഇന്നത്തെ നില വളരെ യേറെ ദയനീയമാണ്. മാനേജ്മെന്റ് ജീവനക്കാർക്കെതിരെ എന്ത് അന്യായം കാണിച്ചാലും യൂണിവേഴ്സിറ്റിയ്ക്കോ, സർക്കാരിനോ, കോടതിക്കോ ഇടപെടാൻ സാധിക്കാതെയാണിരിക്കുന്നത്. ഇന്ത്യൻ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ള ന്യൂനപക്ഷ അവകാശങ്ങളുടെ പേരിലാണ് ഇങ്ങനെയൊരു സ്ഥിതിവിശേഷം ഉണ്ടായിരിക്കുന്നത്. ഭരണഘടനയിലെ ബന്ധപ്പെട്ടവകുപ്പുകൾ താഴെ കൊടുക്കുന്നു.

Article 29 (1) –: Any Section of the citizens residing in the teritory of India or any part there of having a distinct language or script or culture of its own shall have the right to conserve the same.

(2) No citizen shall be denied admission into any educational institution maintained by the state or receiving aid out of state funds on the grounds only of religion, race, caste, language or any of hem.

Article 30 (1) All minorities, whether based on religion or language shall have the right to establish and administer educational institutions of their choice.

(2) The state shall not, in granting aid to educational institutions descriminate against any educational institution on the ground that it is under the management of a minority whether based on religion or language.

ജനാധിപത്യ ഭരണ സമ്പ്രദായം നിലവിലുള്ള ഇന്ത്യയിൽ ബഹുഭൂരിപക്ഷവും ഹിന്ദുക്കളാണെന്നിരിക്കെ ന്യൂനപക്ഷസമുദായങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതിനാണ് ഈ വകുപ്പുകൾ ഭരണഘടനയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. മതന്യൂനപക്ഷങ്ങൾക്കും ഭാഷാന്യൂനപക്ഷങ്ങൾക്കും അവരുടെ മതം, ഭാഷ, സംസ്ക്കാരം എന്നിവ നിലനിർത്തുന്നതിന് സ്വാതന്ത്ര്യം ഉണ്ടായിരിക്കേണ്ടത് തികച്ചും ന്യായമാണ്. സ്വന്തമായി വിദ്യാഭ്യാസകേന്ദ്രങ്ങൾ സ്ഥാപിക്കുകയും നടത്തികൊണ്ടുപോകുകയും ചെയ്യുന്നതിന് ഈ വകുപ്പുകൾ അവർക്ക് അധികാരം നൽകുന്നു. പക്ഷെ ജീവനക്കാർക്കും വിദ്യാർത്ഥികൾക്കുമെതിരെ എന്തനീതി കാട്ടുവാനും യൂണിവേഴ്സിററി, സർക്കാർ എന്നിവയുടെ നിർദ്ദേശങ്ങൾ അവഗണിക്കാനും ഈ വകുപ്പുകളുടെ മറപിടിച്ച് ന്യൂനപക്ഷ മാനേജുമെൻറുകൾക്ക് സാധിക്കുന്നു എന്നത് എത്രയും ഗുരുതരമായ സ്ഥിതിവിശേഷം ഉളവാക്കുന്നു.

മററെല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും എന്നപോലെ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന കലാലയങ്ങളിലും പൊതുവിദ്യാഭ്യാസമാണ് നടക്കുന്നത്. പാഠ്യപദ്ധതി, അദ്ധ്യയനരീതി, പരീക്ഷകൾ ഇവയെല്ലാം യൂണിവേഴ്സിററി നിയമങ്ങൾക്ക് അനുസൃതമായിട്ടാണ് നടപ്പിലാക്കുന്നത്. ഗവൺമെൻറ് നിശ്ചയിക്കുന്ന തുകയാണ് വിദ്യാർത്ഥികളിൽ നിന്ന് ഫീസായി പിരിച്ചെടുക്കുന്നത്. ഈ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് സർക്കാർ നേരിട്ടു ശമ്പളം കൊടുക്കുന്നു. ഇതിനുപുറമേ വർഷം തോറും മാനേജുമെൻറുകൾക്ക് സർക്കാർ മെയിൻറനൻസ് ഗ്രാൻറും നൽകുന്നുണ്ട്. പൊതുഖജനാവിൽ നിന്ന് ഇത്രയേറെ പണം പററുന്ന ഈ മാനേജുമെൻറുകൾ യാതൊരു വിധ സാമൂഹ്യ നിയന്ത്രണങ്ങൾക്കും തയ്യാറാകാതിരിക്കുന്നത് ഒട്ടും തന്നെ ന്യായീകരിക്കത്തക്കതല്ല.

ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട മാനേജുമെൻറുകൾ ഭരണഘടനയിലെ 30 (1) വകുപ്പിൻെറ പേരിൽ ഇന്നനുഭവിക്കുന്ന പ്രത്യേക അവകാശങ്ങൾ ഒന്നുപോലും അതേ സമുദായത്തിൽപ്പെട്ട അധ്യാപകരൊ വിദ്യാർത്ഥികളൊ, അനുഭവിക്കുന്നില്ല എന്നതാണ് ഏററവും വലിയ വിരോധാഭാസം. മുമ്പ് ന്യൂനപക്ഷ സ്ഥാപനങ്ങളിൽ നടന്ന അനീതികൾക്ക് ഉദാഹരണമായി കാണിച്ച എല്ലാ കേസുകളിലും, ഒരു വൈദികനുൾപ്പെടെ ന്യൂനപക്ഷസമുദായാംഗങ്ങളാണ് ശിക്ഷിക്കപ്പെട്ടത്, എന്നത് ശ്രദ്ധേയമാണ്. വിദ്യാലയങ്ങൾ നടത്തി സാമ്പത്തികമായും സാമൂഹ്യമായും ഉയർന്നതട്ടിലെത്തിനില്ക്കുന്ന മാനേജരൻമാർ കോടതികളിൽപോലും ചോദ്യം ചെയ്യപ്പെടാത്ത പ്രത്യേക അവകാശങ്ങൾ അനുഭവിക്കുന്നു. അതേസമയം ജീവിക്കാൻവേണ്ടി ജോലിയെടുക്കുകയും ജോലിയെടുത്താൽ മാത്രം ജീവിക്കാൻ സാധിക്കുകയും ചെയ്യുന്ന സമുഹത്തിലെ താഴേക്കിടയിൽ കഷ്ടപ്പെടുന്ന ജീവനക്കാർ യാതൊരു പ്രത്യേക ആനുകൂല്യങ്ങളും അനുഭവിക്കുന്നില്ല. അങ്ങനെ നോക്കുമ്പോൾ പ്രശ്നം വളരെ സങ്കീർണ്ണമാണെന്നും അതിൻെറ അടിവേരുകൾ സമൂഹത്തിലെ മററു പല പ്രശ്നങ്ങളുമായി കെട്ടുപിണഞ്ഞു കിടക്കുന്നതാണെന്നും കരുതേണ്ടിയിരിക്കുന്നു.

കേരളത്തിലെ 150 തിൽപരം കോളേജുകളിൽ 120 എണ്ണമെങ്കിലും സ്വകാര്യ മേഖലയി

ലാണ്. ഇതിൽ ബഹുഭൂരിപക്ഷം കോളേജുകളും ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്നവയാണ്. അതായത് ഗവൺമെന്റ് എഴുതിയുണ്ടാക്കുന്ന യൂണിവേഴ്സിററി നിയമങ്ങൾ കേരളത്തിലെ ന്യൂനപക്ഷം കോളേജുകൾക്കു മാത്രമേ ബാധകമാക്കാൻ സാധിക്കൂ എന്ന നിലവരുന്നു. ഈ പരിതസ്ഥിതിയിലാണ് ന്യൂനപക്ഷസ്ഥാപനങ്ങൾക്ക് ബാധകമാകാത്ത ഒരു നിയമവും ഭൂരിപക്ഷ സ്ഥാപനങ്ങൾക്കും ബാധകമാക്കില്ല എന്ന നിലപാട് ഗവൺമെന്റ് ഒരു ഘട്ടത്തിൽ സ്വീകരിച്ചത്. ഫലത്തിൽ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ന്യൂനപക്ഷ സ്ഥാപനങ്ങളായി കണക്കാക്കപ്പെടുകയും എല്ലാ മാനേജരന്മാരും ജീവനക്കാരുടെയും സർക്കാരിന്റെയും ചിലവിൽ പ്രത്യേക അവകാശങ്ങൾ അനുഭവിക്കയും ചെയ്യുന്നു. അങ്ങനെ ന്യൂനപക്ഷ സമുദായങ്ങൾ മാത്രമുള്ള ഒരു രാജ്യമായി നമ്മുടെ സംസ്ഥാനം മാറിയിരിക്കുന്നു എന്നത് എത്രയും വിചിത്രമായിരിക്കുന്നു.

എന്ത് ഉദ്ദേശത്തോടെയാണ് ന്യൂനപക്ഷാവകാശങ്ങൾ ഭരണഘടനയിൽ എഴുതിച്ചേർത്തത് എന്ന് മനസ്സിലാക്കുവാൻ കരടുരേഖ കോൺസ്ററിററ്യുവന്റ് അസംബ്ലിയിൽ അവതരിപ്പിച്ചുകൊണ്ട് ഡാ. അംബത് കർ ചെയ്ത പ്രസംഗം വായിച്ചാൽ മതിയാകും.

"It is wrong for the majority to deny the existence of minorities. It is equally wrong for the minorities to perpetuate themselves. A solution must be found which will serve a double purpose. It must recognise the existence of minorities to start with. It must also be such that it will enable majorities and minorities to merge someday into one............ the moment the majority loses the habit of descriminating against the minority, the minorities can have no ground to exist."

ന്യൂനപക്ഷങ്ങൾക്ക ഭൂരിപക്ഷ സമുദായങ്ങളെപ്പോലെ എല്ലാ അവകാശങ്ങളും ഉണ്ടായിരിക്കണമെന്ന് ഉറപ്പുവരുത്തുവാനാണ് ഭരണഘടനയിൽ ഈ വകുപ്പുകൾ എഴുതിച്ചേർത്തത്. ന്യൂനപക്ഷ അവകാശങ്ങൾ ന്യൂനപക്ഷ സമുദായങ്ങൾക്ക് സുരക്ഷിതത്വവും സംരക്ഷണവും നല്കുന്നു എന്നല്ലാതെ ഭരണഘടനയിലെ 337–ാം വകുപ്പ് ആംഗ്ലോ ഇന്ത്യാക്കാർക്ക് നൽകുന്നതുപോലെ പ്രത്യേക അവകാശങ്ങൾ നൽകുന്നില്ല. ന്യൂനപക്ഷ സമുദായങ്ങൾക്ക് അവരുടെ സവിശേഷ സംസ്കാരം നിലനിർത്താൻ ഉപകരിക്കുന്ന വിദ്യാഭ്യാസ സ്ഥാകനങ്ങൾ നടത്തുവാനുള്ള അവകാശമാണ് 30 (1) വകുപ്പുകൊണ്ട് ഭരണഘടനാനിർമ്മാതാക്കൾ ഉദ്ദേശിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ഇവയാണ് ന്യൂനപക്ഷ സ്ഥാപനങ്ങൾ. അവയുടെ ഭരണപരമായ കാര്യങ്ങളിൻ പൂർണ്ണമായ നിയന്ത്രണം ന്യൂനപക്ഷങ്ങൾക്ക് ആയിരിക്കണമെന്ന കാര്യത്തിൽ അഭിപ്രായവ്യത്യാസം ഉണ്ടായിരിക്കേണ്ട കാര്യമില്ല. മറിച്ച് എല്ലാ സമുദായങ്ങളിലും ഉൾപ്പെട്ടവർക്കുവേണ്ടി, സർക്കാർ ഖജനാവിൽ നിന്ന് പണം വാങ്ങിക്കൊണ്ട് ഭൂരിപക്ഷ സമുദായങ്ങളിൽ പെട്ടവരുടേതിൽ നിന്ന് അടിസ്ഥാനപരമായി യാതൊരു വ്യത്യാസവുമില്ലാതെ നടത്തുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ പൊതു സ്ഥാപനങ്ങളായി പരിഗണിക്കപ്പെടേണ്ടവയാണ്. അവയുടെ ഭരണപരമായ നിയന്ത്രണം സത്യത്തിൽ ന്യൂനപക്ഷ താല്പര്യങ്ങൾക്ക് വിരുദ്ധമല്ല. സമൂഹത്തിന്റെ പൊതുനന്മയെ ലാക്കാക്കിയുള്ള നിയമവാഴ്ചക്ക് ഇത് എത്രയും ആവശ്യമാണ്. ജീവനക്കാരുടെ സേവനവ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതുമൂലം ന്യൂനപക്ഷ താല്പര്യങ്ങൾ ഹനിക്കപ്പെടുന്നുവെന്ന ഇന്നത്തെ നിലപാട് അശാസ്ത്രീയവും അന്യായവുമാണ്. നിയമത്തിന്റെ മുമ്പിൽ എല്ലാപേരും സമന്മാരാണെന്ന പൊതുതത്വത്തിന്റെ പ്രകടമായ ലംഘനമായി ഇതു പരിണമിക്കുന്നു. ന്യൂനപക്ഷ അവകാശങ്ങൾ അതേപടി നിലനിർത്തി ക്കൊണ്ടുതന്നെ ന്യൂനപക്ഷ സ്ഥാപനങ്ങളും ന്യൂനപക്ഷങ്ങൾ നടത്തുന്ന പൊതു വിദ്യാഭ്യാസ സ്ഥാപനങ്ങളും വേർതിരിച്ചു കാണത്തക്കരീതിയിൻ അവ നിയമപരമായി നിർവ്വചിക്കപ്പെടുന്നത് പ്രശ്ന പരിഹാരത്തിന് ഉപകരിക്കുമെന്ന ശ്രീ. വി. ആർ. കൃഷ്ണയ്യരുടെ അഭിപ്രായം വളരെ പ്രസക്തമാണ്. ആയിരക്കണക്കിന് ജീപനക്കാരുടെ തീവ്രമായ വികാരങ്ങളും വിശാലമായ സാമൂഹ്യ രാഷ്ട്രീയ താല്പര്യങ്ങളും കണക്കിലെടുത്ത്, വിദ്യാഭ്യാസ മേഖലയിൽ പ്രശംസാർഹമായ സേവനപാരമ്പര്യമുള്ള ന്യൂനപക്ഷ സമുദായങ്ങൾ തന്നെ ഇക്കാര്യത്തിൽ മുൻകൈ എടുക്കണമെന്ന് ഞാനഭ്യർത്ഥിക്കുന്നു.

★

# അവകാശപത്രിക

## എ. കെ. പി. സി. ടി. എ.

**പതിനൊന്നാം കൺവൻഷൻ അംഗീകരിച്ചത്**

## പ്രതിജ്ഞ പുതുക്കുക

1977ലെ തൃശൂർ കൺവൻഷന്നുശേഷം കഴിഞ്ഞുപോയ മൂന്നു വർഷങ്ങളിൽ അവകാശ സമരരംഗത്ത് നമ്മുടെ സംഘടന മുമ്പെന്നത്തേക്കാളും സജീവവും ചലനാത്മകവുമായിരുന്നുവെങ്കിലും ന്യായമായ അവകാശങ്ങൾ നേടിയെടുക്കുന്ന കാര്യത്തിൽ മററു പല സർവ്വീസുസംഘടനകൾക്കെന്നപോലെ നമുക്കും വളരെയൊന്നും മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. അടിയന്തരാവസ്ഥയുടെ കരിനിഴലും അതിൽനിന്നുളവായ സർക്കാരിന്റെ അമിതാധികാരബോധവും പിടിവാശിയുമാണതിന്നു കാരണമെന്നതിൽ തർക്കമില്ല. ഒരു വശത്ത് സർവ്വകലാശാലാ നിയമത്തിലൂടെ സേവനഭദ്രതയുടെ കാര്യത്തിൽ നാം നേടിയിരുന്ന നേട്ടങ്ങൾ ഇക്കാലത്ത് കോടതി വിധികളിലൂടെ കൈമോശം വന്നു പോയെങ്കിൽ, മറുവശത്ത് അടിയന്തരാവസ്ഥയുടെ അമിതാധികാരബാധയേററ സർക്കാർ പ്രസ്തുത നിയമം ഭേദഗതി ചെയ്ത് ഒരു ദിവസത്തെ ജോലി ചെയ്യാൻ വിസമ്മതിക്കുന്നതിന്നു 2 മാസത്തെ ശമ്പളം പിടിച്ചെടുക്കാൻ വ്യവസ്ഥ ചെയ്യുന്ന എങ്ങും കേട്ടുകേൾവിയില്ലാത്തൊരു കരിനിയമം കൊണ്ട് നമ്മുടെ അവകാശ സമരത്തെ നേരിട്ടു. കേരളത്തിലെ മൊത്തം സർക്കാർ–അർദ്ധസർക്കാർ ജീവനക്കാരുടെ വിശാലമായ ഐക്യം ഊട്ടിയെടുത്തുകൊണ്ട് സർക്കാരിന്റെ മുഷ്കിനെയും വെല്ലുവിളിയേയും നേരിടുവാൻ നാം തീരുമാനിച്ചു. ഇത് നമുക്ക് ചില്ലറ നേട്ടങ്ങളുണ്ടാക്കിത്തന്നിട്ടുണ്ട്; കൂടുതൽ നേടാൻ കഴിയുമെന്ന പ്രതീക്ഷ നമ്മളിലുണർത്തിയിട്ടുണ്ട്. പ്രൊമോഷനു വേണ്ട സർവ്വീസ് ദൈർഘ്യത്തിൽ 2 വർഷം ഇളവുകിട്ടിയതും കേന്ദ്രനിരക്കിലുള്ള ക്ഷാമബത്താവർദ്ധനത്തോത് പുന:സ്ഥാപിക്കപ്പെട്ടതും ഇതിന്റെ സത്വരഫലമായിരുന്നു. അതോടൊപ്പം യു. ജി. സി. ശമ്പളസ്കെയിൽ നടപ്പിലാക്കുന്ന കാര്യവും, ഡൈസ്നോണും, യൂണിവേഴ്സിററിനിയമത്തിന്നു വരുത്തിയ കിരാത ഭേദഗതിയും പിൻവലിക്കുന്ന കാര്യവും പരിശോധിക്കാമെന്ന് സർക്കാർ സമ്മതിച്ചിട്ടുണ്ട്. സർക്കാരിൽനിന്നു കിട്ടിയ രേഖാമൂലമായ ഉറപ്പുകൾ നടപ്പിലാക്കിക്കിട്ടാൻ സംയുക്ത അദ്ധ്യാപക–സർവ്വീസ് സംഘടനാ സമരസമിതി ഏറെറടുക്കാനിടയുള്ള പ്രത്യക്ഷ സമരമുൾപ്പെടെയുള്ള എല്ലാ പരിപാടികളും വിജയിപ്പിക്കുമെന്ന് എ. കെ. പി. സി. ടി. എ. യുടെ പതിനൊന്നാം കൺവൻഷൻ പ്രഖ്യാപിക്കുന്നു.

വർഷങ്ങളായി നാം പ്രക്ഷോഭങ്ങളുടെയും പ്രമേയങ്ങളുടേയും ഭാഷയിൽ ആവശ്യപ്പെ

ട്ടുകൊണ്ടിരുന്ന സേവനഭദ്രത 1969 ലെയും തു ടർന്ന് 1974ലെയും സർവ്വകലാശാലാ നിയമങ്ങ ളിൽ ഏതാണ്ട് സാക്ഷാൽക്കരിക്കപ്പെട്ടിരുന്നു. എന്നാൽ പ്രസ്തുത നിയമങ്ങൾക്കെതിരേ മാനേ ജുമെൻറുകൾ കൊടുത്ത കേസ്സിലും ഇതിന കം പ്രസിദ്ധമായിക്കഴിഞ്ഞ ലില്ലി കുര്യൻ കേസിലും ഉണ്ടായ കോടതി വിധികൾമൂലം ഈ സേവനഭദ്രത നഷ്ടപ്പെട്ടിരിക്കയാണ്. ന്യൂന പക്ഷ സമുദായങ്ങൾ നടത്തുന്ന കോളേജുക ളിലെ അദ്ധ്യാപകർക്ക് നിയമദത്തമായ സേവ വനസംരക്ഷണം ഇന്നു നിലവിലില്ല. അവർ ക്കെതിരെ മാനേജുമെൻറുകൾ എടുക്കുന്ന പിരിച്ചുവിടലടക്കമുള്ള അച്ചടക്കനടപടികൾ അന്തിമമാണെന്നും അക്കാര്യത്തിൽ ഏതെങ്കിലും നീതിന്യായപീഠത്തെ സമീപിക്കാവുന്നതല്ലെ ന്നും വന്നുചേർന്നിരിക്കുന്നു. കേരളത്തിലെ മുഴുവൻ സ്വകാര്യ കോളേജ് അദ്ധ്യാപകർ ക്കും നിയമദത്തമായ സേവനഭദ്രത നേടിയെ ടുക്കാനുള്ള സമരം ശക്തിപ്പെടുത്തുമെന്ന് കൺവൻഷൻെറ ഈ പ്രതിനിധി സമ്മേളനം പ്രതിജ്ഞയെടുക്കുന്നു.

യു. ജി. സി. ശമ്പള സ്കെയിലിന്നു വേണ്ടിയുള്ള നമ്മുടെ സമരത്തിന്ന് 6 വർഷ ത്തെ പഴക്കമുണ്ട്. ഒമ്പതാം കൺവൻഷനി ലാണ് നാം ആദ്യമായി യു. ജി. സി. ശമ്പള സ്കെയിലിന്നുവേണ്ടി ശബ്ദമുയർത്തിയത്. തുടർന്ന് പ്രസ്തുത ശമ്പള സ്കെയിൽ നേടിയെടുക്കാൻ സത്യാഗ്രഹം, സൂചനാപണി മുടക്ക്, പരീക്ഷാ ബഹിഷ്കരണം, പ്രകടനം എന്നിങ്ങനെ വിവിധ സമരമുറകൾ നാം അവലം ബിച്ചു. സംയുക്ത അദ്ധ്യാപകസർവ്വീസ് സംഘടനാ സമരസമിതിയുടെ 13 ഡിമാണ്ടുക ളിൽ ഒന്ന് കോളേജ് അദ്ധ്യാപകർക്ക് യു. ജി. സി. സ്കെയിൽ മുൻ കാലപ്രാബല്യത്തോടെ അനുവദിക്കണമെന്നായിരുന്നു. കഴിഞ്ഞ ജൂ ലായ് ആദ്യത്തിൽ സർക്കാർ തന്ന രേഖാമൂലമായ ഉറപ്പുകളിൽ യു. ജി. സി. ശമ്പള സ്കെയിൽ നടപ്പിലാക്കുന്ന പ്രശ്നം പരിശോധിക്കാമെ ന്നേററിരുന്നു. എന്നാൽ ഈ ഉറപ്പുപാലിക്കു വാൻ സർക്കാർ ഭാഗത്തുനിന്നു കാര്യമായ നീക്കങ്ങളൊന്നും ഇതുവരെ ഉണ്ടായിട്ടില്ല. ഇത്തരുണത്തിൽ ചേരുന്ന സംഘടനയുടെ ഈ 11–ാം കൺവൻഷൻ മുൻകാലപ്രാബല്യത്തോടെ യു. ജി. സി. ശമ്പള സ്കെയിൽ നേടിയെടു ക്കാനുള്ള സമരം പൂർവ്വാധികം ശക്തിയോടെ മുന്നോട്ടുകൊണ്ടുപോകുമെന്ന് പ്രതിജ്ഞ ചെയ്യുന്നു.

വിദ്യാഭ്യാസ രംഗത്ത് വിശേഷിച്ചും, ഉന്നത വിദ്യാഭ്യാസ രംഗത്ത്, അഴിമതി അടി ഞ്ഞു കൂടിയിരിക്കയാണ്. വിദ്യാർത്ഥി കളുടെ പ്രവേശനം, അദ്ധ്യാപകരുടെ നിയ മനം, പ്രൊമോഷൻ, ട്രാൻസ്ഫർ എന്നിവയി ലെല്ലാം തന്നെ വ്യാപകമായി അഴിമതിനടക്കു ന്നതായി പരാതിയുണ്ട്. വമ്പിച്ച സ്വാധീന ശക്തിയുള്ള കോളേജ് മാനേജുമെൻറുകൾ പ്രത്യേകിച്ച് കോർപ്പറേററ് മാനേജുമെൻറു കൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വ്യാപകമായി അഴിമതി വളർത്തി. വിദ്യാഭ്യാസത്തെതന്നെ ഒരു വൻവ്യവസായമായി മാററിയിട്ടുണ്ട്. ഇത് സമൂഹത്തിലുളവാക്കുന്ന സത്വരവും ദൂരവ്യാപ കവുമായ ദൂഷ്യഫലങ്ങൾ എ. കെ. പി. സി. ടി. എ. കണ്ടറിഞ്ഞതാണ്. ഈ അഴിമതിക്കെ തിരെ ആവുന്നത്ര ശക്തി പ്രയോഗിച്ചു നാം പോരാടി പ്പോന്നിട്ടുണ്ട്. ഈ പോരാട്ടം ശക്തി പ്പെടുത്താൻ അദ്ധ്യാപകർ, വിദ്യാർത്ഥികൾ, അദ്ധ്യാപകേതര ജീവനക്കാർ, പൊതുജന ങ്ങൾ, രാഷ്ട്രീയ പാർട്ടികൾ എന്നിവരുടെ വിശാലമുന്നണി രൂപീകരിച്ചു മുന്നോട്ടുപോ കുന്നതാണെന്ന് എ. കെ. പി. സി. ടി. എ. യുടെ ഈ കൺവൻഷൻ പ്രഖ്യാപിക്കുന്നു. അതോടൊപ്പംതന്നെ അഴിമതികൾക്കറുതി വരു ത്തുവാനുള്ള ഒരന്തിമോപായമെന്ന നിലക്ക് ഉന്നതവിദ്യാഭ്യാസത്തെ ദേശസാൽക്കരിക്കുവാൻ സർക്കാരിൻെറമേൽ സമ്മർദ്ദം കൊണ്ടുവരാ നുള്ള പ്രചരണ പരിപാടികളും സംഘടന ഏറെറടുക്കുന്നതാണ്.

അങ്ങിനെ 11–ാം കൺവൻഷൻ ഉയർത്തുന്ന മുഖ്യമുദ്രാവാക്യങ്ങൾ മൂന്നാണ്.

1 എല്ലാ അദ്ധ്യാപകർക്കും നിയമദത്ത മായ സേവനസംരക്ഷണം നേടിയെടു ക്കുക.

2 യു. ജി. സി. ശമ്പളസ്കെയിൽ മുൻകാലപ്രാബല്യത്തോടെ നേടിയെടുക്കുക.

3 അഴിമതിക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം ശക്തിപ്പെടുത്തുക.

# അവകാശ പത്രിക

താഴെ കൊടുക്കുന്ന അടിയന്തരാവശ്യങ്ങൾ എത്രയും വേഗം അനുവദിച്ചുതരണമെന്ന് കോട്ടയത്ത് ചേരുന്ന എ. കെ. പി. സി. ടി. എ. യുടെ 11ാം സംസ്ഥാന കൺവൻഷൻ അധികൃതരോട് ആവശ്യപ്പെടുന്നു. ഈ അടിയന്തരാവശ്യങ്ങൾ നേടിയെടുക്കാനുള്ള പ്രക്ഷോഭണ പരിപാടികൾ യഥാസമയം ഏറ്റെടുക്കണമെന്ന് സ്റ്റേററു കൗൺസിലിനോടും സ്റേററു കമ്മിററിയോടും നിർദ്ദേശിക്കുന്നു.

1 കോളേജ് അദ്ധ്യാപകർക്ക് വേണ്ടി യു. ജി. സി. നിർദ്ദേശിച്ചതും കേന്ദ്രഗവർമ്മേണ്ടും മറെറല്ലാ സ്റേററു ഗവർമ്മെണ്ടുകളും അംഗീകരിച്ചു നടപ്പിലാക്കിയതുമായ ശമ്പളസ്കെയിലുകൾ യു. ജി. സി. നിർദ്ദേശിച്ച 1–1–1973 മുതൽ മുൻകാലപ്രാബല്യത്തോടെ കേരളത്തിലും നടപ്പിൽ വരുത്തുക.

2 ലക്ചററൻമാരുടെ അത്രതന്നെ വിദ്യാഭ്യാസയോഗ്യതയും അതേ ജോലിഭാരവുമാണ് ജൂനിയർ ലക്ചററൻമാർക്കുള്ളത്. അതുകൊണ്ട് കോളേജധ്യാപകരുടെ ജൂനിയർലക്ചററ സർവ്വീസ് നോൺകാഡർ പ്രൊമോഷന്നു കണക്കിലെടുക്കുക. ജൂനിയർലക്ചററർഷിപ്പെന്ന അപ്പററീസ് സമ്പ്രദായം അവസാനിപ്പിക്കുക.

3 ഡൈസ്നോൺ മുൻകാലപ്രാബല്യത്തോടെ പിൻവലിക്കുക. ഒരു ദിവസം പരീക്ഷാജോലി ചെയ്യാൻ വിസമ്മതിക്കുന്നതിന് 2 മാസത്തെ ശമ്പളം പിടിച്ചെടുക്കാൻ വ്യവസ്ഥചെയ്യുന്ന സർവ്വകലാശാലാ നിയമ ഭേദഗതി എങ്ങും കേട്ടുകേൾവിയില്ലാത്ത ഒരു കരിനിയമമാണ്. നാട്ടിനും നാട്ടാർക്കും സർക്കാരിന്നും തീരാക്കളങ്കമായ ഈ ഭേദഗതി നിയമം ഉടൻ പിൻവലിക്കുക.

4 1978 ലെ ശമ്പള പരിഷ്കരണം ഫിസിക്കൽ എഡ്യുക്കേഷൻ അദ്ധ്യാപകരുടെ ശമ്പള സ്കെയിൽ വെട്ടിക്കുറയ്ക്കുകയും അവരെ തരം താഴ്ത്തുകയും ചെയ്തു. ശമ്പളപരിഷ്കരണം കൊണ്ട് നിലവിലുള്ള ആനുകൂല്യം നഷ്ടപ്പെടുന്ന അനുഭവം എങ്ങും ഉണ്ടാകാറില്ല. ഈ അനീതി പരിഹരിച്ച് മുൻനില പുനഃസ്ഥാപിക്കുക.

5 പ്രൈവററ് കോളേജ് അദ്ധ്യാപകർ വെക്കേഷൻ ജീവനക്കാരായാണ് പരിഗണിക്കപ്പെടുന്നതെങ്കിലും സർവ്വകലാശാലാ പരീക്ഷകളുടെ നടത്തിപ്പ്, കേന്ദ്രീകൃത ഉത്തരക്കടലാസ് പരിശോധന എന്നിവമൂലം പ്രസ്തുത വെക്കേഷൻ അവർക്ക് ലഭ്യമാകുന്നില്ല. നോൺ വെക്കേഷൻ ജീവനക്കാർക്കുള്ള ഉദാരമായ ലീവ് ആനുകൂല്യങ്ങൾ അവർക്ക് ലഭിക്കുന്നുമില്ല. അത് കൊണ്ട് പരീക്ഷാ ജോലിമൂലം നഷ്ടപ്പെടുന്ന വെക്കേഷന്ന് പകരം അവർക്ക് earned leave അനുവദിക്കുകയും ആയത് സറണ്ടർ ചെയ്യുവാൻ അവസരം നൽകുകയും വേണം.

6 10 വർഷത്തെ മൊത്തം കോളേജ് സർവ്വീസിന്നു രണ്ടാം ഗ്രേഡ് നോൺ-കാഡർ പ്രൊഫസർ സ്ഥാനവും 15 വർഷത്തെ മൊത്തം സർവ്വീസിന്ന് ഒന്നാംഗ്രേഡ് നോൺകാഡർ പ്രൊഫസർ സ്ഥാനവും അനുവദിക്കുക. ചന്ദ്രഭാനുക്കമ്മീഷൻ അംഗീകരിച്ചിട്ടുള്ള പൊതുതത്വമായ സർവ്വീസിൽ ജീവനക്കാർക്ക് 2 പ്രൊമോഷനെങ്കിലും ലഭ്യമാക്കുക എന്നത് കോളേജ് അദ്ധ്യാപകർക്ക് ഫലത്തിൽ ഉറപ്പുവരുത്തുവാൻ നോൺകാഡർ 1–ാംഗ്രേഡ് പ്രൊഫസർ പദവി അത്യന്താപേക്ഷിതമാണ്

7 കോളേജിലെ ഓരോ പഠന വകുപ്പിലും കാഡർപ്രൊഫസർ സ്ഥാനം ഒഴിവുവരുന്ന മുറയ്ക്ക് ഗവർമ്മേണ്ട് കോളേജുകളിൽ നിലവിലുള്ളതുപോലെ സർവ്വീസ് ദൈർഘ്യത്തെ കണക്കിലെടുക്കാതെ പ്രൊമോഷൻ അനുവദിക്കുക.

8 അദ്ധ്യാപകന്നു സേവന ഭദ്രതയും കോളേജുകളുടെ നടത്തിപ്പിന്നു കാര്യക്ഷമതയും ചിട്ടയും പ്രദാനം ചെയ്തിരുന്ന കേരളാ—

കാലിക്കററ് സർവ്വകലാശാലാ നിയമങ്ങളിലെ സുപ്രധാനവകുപ്പുകൾ കോടതി വിധികൾ മൂലം റദ്ദാക്കിയിരിക്കയാണ്. ഈ വകുപ്പുകൾ പുനഃസ്ഥാപിച്ചുകൊണ്ട് പ്രസ്തുത നിയമങ്ങൾക്ക് ഇന്ത്യൻ ഭരണഘടനയുടെ 9–ാം പട്ടികയുടെ സംരക്ഷണം നൽകുക.

9 കേരള – കാലിക്കററ് യൂണിവേഴ്സിററി നിയമങ്ങൾ സംബന്ധിച്ച് സുപ്രിം കോടതിയിലുള്ള അപ്പീൽ കേസ്സ്, ഭരണഘടനാവിദഗ്ധരായ നിയമജ്ഞരെ ഏർപ്പെടുത്തി വാദിക്കുവാൻ ഗവർമ്മേണ്ടും രണ്ട് യൂനിവേഴ്സിററികളും സത്വര നടപടികളെടുക്കുക.

10 കേരളാ ഹൈക്കോടതിയുടെ ഫുൾ ബെഞ്ച്, കേരളാ കാലിക്കററ് യൂനിവേഴ്സിററി നിയമങ്ങൾ പ്രകാരം നിലവിൽവന്ന യൂനിവേഴ്സിററി ട്രബ്യൂണലുകളുടെ പ്രവർത്തനം ന്യൂനപക്ഷസമുദായങ്ങൾ നടത്തുന്ന കോളേജുകൾക്ക് ബാധകമല്ലാതാക്കിയിരിക്കുന്ന സാഹചര്യത്തിൽ ശിക്ഷണ നടപടികൾക്ക് വിധേയരാകുന്ന അത്തരം കോളേജുകളിലെ അദ്ധ്യാപകർക്ക് നിലവിലുണ്ടായിരുന്ന അപ്പീൽ ആനുകൂല്യം നഷ്ടപ്പെട്ടിരിക്കുന്നു. ഭരണഘടനാപരമായി സുപ്രധാന പ്രശ്നങ്ങൾ ഉൾക്കൊള്ളുന്ന ഈ കേസ്സിന്നു സുപ്രിംകോടതിയിൽ അപ്പീൽ കൊടുക്കേണ്ടതാണെന്ന് കോടതിതന്നെ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സേവനഭദ്രത നഷ്ടപ്പെട്ടിട്ടുള്ള നിരവധി അദ്ധ്യാപകരെ സംരക്ഷിക്കുന്നതിന്നു ആദ്യനടപടിയായി ഗവർമ്മേണ്ട് പ്രസ്തുത കേസ്സിൽ അപ്പീൽ ബോധിപ്പിക്കുകയും പ്രഗൽഭനായ ഒരു നിയമപണ്ഡിതനെ ഏർപ്പെടുത്തി കേസ്സ് വാദിക്കുകയും വേണം.

11 സ്വകാര്യകോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം. പ്രൊമോഷൻ എന്നിവക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ സർവ്വകലിശാലകൾക്കുള്ള നിയമദത്തമായ പരമാധികാരം മാനിക്കപ്പെടണം. എക്സിക്യൂട്ടീവ് നടപടികൾ മുഖേന കോളേജ് വകുപ്പിലെ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയ ഉദ്യോഗസ്ഥന്മാർ ഈ പരമാധികാരത്തെ വെട്ടിച്ചുരുക്കാൻ ശ്രമിക്കുന്നത് തടയണം.

12 കേരളാ കാലിക്കററ് സർവ്വകലാശാലാ നിയമങ്ങൾ അനുശാസിക്കുന്ന വിധത്തിൽ എല്ലാകോളേജുകൾക്കും ഗവേണിംഗ് ബോഡി/മാനേജിംഗ് കൗൺസിലുകൾ നിലവിൽവരുത്തുകയും അവ ചിട്ടയായും ഫലപ്രദമായും പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

13 സർവ്വകലാശാലാ നിയമങ്ങളിലൂടെ സേവനഭദ്രത നിയമാധിഷ്ഠിതമായി നിലവിൽ വരുന്നതിന്നുമുമ്പ് മാനേജർമാർ തന്നിഷ്ടംപോലെ അദ്ധ്യാപകരെ നിയമിക്കുകയും പിരിച്ചു വിടുകയും ചെയ്തിരുന്നു. ഈ സാഹചര്യം പരിഗണിച്ച് Pre–resignation സർവ്വീസ് ഉൾപ്പെടെയുള്ള കോളേജ് അദ്ധ്യാപകരുടെ ബ്രോക്കൺ സർവ്വീസുകൾ പ്രൊമോഷൻ, പെൻഷൻ എന്നിവയ്ക്ക് കണക്കിലെടുക്കുവാൻ വ്യവസ്ഥയുണ്ടാക്കുക.

14 പ്രിൻസിപ്പൽ സ്ഥാനത്തേക്ക് 'നേരിട്ടുള്ള നിയമനം അവസാനിപ്പിക്കുക. അതും പ്രൊമോഷൻ പോസ്ററായി പരിഗണിച്ച് കോളേജ് സർവ്വീസിലെ മൊത്തം സർവ്വീസ് കണക്കിലെടുത്ത് പ്രിൻസിപ്പൽമാരെ നിയമിക്കുവാൻ വ്യവസ്ഥചെയ്യുക.

15 കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തുടങ്ങിയവരുടെ ഓഫീസ്സുകൾ പ്രധാനമായും കൈകാര്യം ചെയ്യുന്നത് പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ സർവ്വീസ് ശമ്പള പ്രശ്നങ്ങളാണെന്നിരിക്കെ ഈ സ്ഥാനങ്ങളിലേക്കുള്ള നിയമനത്തിന്നു ഗവർമ്മേണ്ട് കോളേജ് അദ്ധ്യാപകരോടൊപ്പം പ്രൈവററ് കോളേജ് അദ്ധ്യാപകരും പരിഗണിക്കപ്പെടുവാൻ ഏർപ്പാടുണ്ടാക്കുക.

16 ഇന്ത്യയിലെ എല്ലാ സ്ററാററ്യൂട്ടറി സർവ്വകലാശാലകളിലെയും അവയോട് അഫിലേററുചെയ്ത കോളേജുകളിലെയും സർവ്വീസ്, യൂനിററ് സീനിയോറിററിയെ ബാധിക്കാ

ത്തരത്തിൽ നോൺകാഡർ പ്രൊമോഷന്നു പരിഗണിക്കുക.

17 പ്രൊമോഷന്നുള്ള സർവ്വീസ് കണക്കാക്കുമ്പോൾ 5 വർഷംവരെയുള്ള സർവ്വീസ് ബ്രേക്ക് കണ്ടോൺ ചെയ്യുക.

18 ഡിഗ്രി ക്ലാസ്സുകളിലെ സബ്സിഡിയറി വിഷയങ്ങളിലും കാഡർ പ്രൊഫസ്സർ സ്ഥാനം ഏർപ്പെടുത്തുക.

19 രണ്ടാം പാർട്ടായി ഭാഷ പഠിപ്പിക്കുന്ന വകുപ്പുകളിൽ അദ്ധ്യാപകരുടെ എണ്ണം കണക്കിലെടുക്കാതെ കാഡർ പ്രൊഫസ്സർ സ്ഥാനം ഏർപ്പെടുത്തുക.

20 ഒരു കാഡർ പ്രൊഫസ്സർ പ്രിൻസിപ്പലായി നിയമിതനാകുന്നതോടുകൂടി വകുപ്പദ്ധ്യക്ഷന്റെ സ്ഥാനം ഒഴിഞ്ഞതായി കണക്കാക്കി ആ സ്ഥാനത്തേക്ക് പ്രൊമോഷൻ നൽകുവാൻ വ്യവസ്ഥയുണ്ടാക്കുക.

21 ഡോക്ടറേററ് ബിരുദധാരികൾക്ക് 3 അഡ്വാൻസ് ഇൻക്രിമെൻറ് നൽകുന്ന സമ്പ്രദായം ഏർപ്പെടുത്തി അദ്ധ്യാപകരുടെ ഗവേഷണസംരംഭങ്ങൾക്ക് പ്രോൽസാഹനം നൽകുക.

22 പ്രൈവററ് കോളേജുകളിൽ കാഡർ പോസ്ററുകളിലേക്കുള്ള നിയമനത്തിൽ മാനേജർമാർ മന:പൂർവ്വം വരുത്തുന്ന കാലതാമസമൊഴിവാക്കാൻ നടപടിയെടുക്കുക.

23 ഷിഫ്ററ് സമ്പ്രദായം നിലവിലുള്ള കോളേജുകളിൽ 2 ഷിഫ്ററുകളും പ്രത്യേകം പ്രത്യേകം യൂനിററുകളായി പരിഗണിച്ച് വേറെ വേറെ അദ്ധ്യാപകരെ നിയമിക്കുക.

24 ഷിഫ്ററ് സമ്പ്രദായത്തിൽ അദ്ധ്യാപകർക്കുളവാകുന്ന അസൗകര്യങ്ങൾ പരിഗണിച്ച് വാർഷിക കാഷ്വൽ ലീവ് 20 ആയിവർധിപ്പിക്കുക.

25 കേന്ദ്രസർക്കാർ സർവ്വീസിലും തെക്കെ ഇന്ത്യയിലെമിക്കവാറും എല്ലാ സ്റേററുകളിലും നിലവിൽ വന്നതുപോലെ സർക്കാർ ജീവനക്കാരുടെയും പ്രൈവററ് കോളേജ് അദ്ധ്യാപകരുടെയും റിട്ടയർമെൻറ് പ്രായം 58 ആയി ഉയർത്തുക.

26 റിട്ടയർമെൻറാനുകൂല്യത്തിന്നുള്ള സർവ്വീസ് ദൈർഘ്യം കണക്കാക്കുമ്പോൾ ഏതെങ്കിലും സർക്കാർ--അർദ്ധസർക്കാർ തുറയിലും കേരളത്തിന്നു പുറത്തുള്ള സ്റററൂട്ടറി സർവ്വകലാശാലകളിലും അവയോട് അഫിലേററു ചെയ്ത കോളേജുകളിലും ഉള്ള സർവ്വീസുകൾ കൂടി പരിഗണിക്കുക.

27 1–4–1958ന്നു മുമ്പ് സ്ക്കൂൾ സർവ്വീസ് അടക്കം ഏതെങ്കിലും പെൻഷനബിൾ സർവ്വീസിൽ പ്രവേശിച്ചിട്ടുള്ള കോളേജ് അദ്ധ്യാപകർക്ക് 60 വയസ്സുവരെ സർവ്വീസിൽ തുടരുവാൻ ഓപ്ഷൻ അനുവദിക്കുക

28 60 വയസ്സിൽ റിട്ടയർ ചെയ്യുവാൻ ഓപ്ററ് ചെയ്തിട്ടുള്ളവരുടെ 55 വയസ്സിന്നുശേഷമുള്ള സേവനം അതേ വകുപ്പിലുള്ള മററദ്ധ്യാപകരുടെ പ്രൊമോഷന്നു തടസ്സമായിക്കൂടാ. അത്തരം അദ്ധ്യാപകർ 55 വയസ്സുതികയുന്ന മുറക്ക് കാഡർ തസ്തികയിൽ നിന്നൊഴിയുവാൻ വ്യവസ്ഥയുണ്ടാക്കേണ്ടതാണ്.

29 60 വയസ്സിൽ സർവ്വിസിൽനിന്നു പിരിയുന്ന കോളേജ് അദ്ധ്യാപകർക്ക്കൂടി ഗ്രാററിവിററി, കുടുംബപെൻഷൻ എന്നിവ അനുവദിക്കുവാൻ വ്യവസ്ഥ ചെയ്യുക.

30 പ്രൈവററ് സ്ക്കൂൾ അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ളതുപോലെ പ്രൈവററ് കോളേജ് അദ്ധ്യാപകർക്കും, ഇൻറർ മാനേജ്മെൻറ് ട്രാൻസ്ഫർ അനുവദിക്കുക.

31 പ്രൈവററ് കോളേജുകളിൽനിന്നു പിരിച്ചുവിടപ്പെട്ട അദ്ധ്യാപകർക്ക് പ്രായപരിധി പരിഗണിക്കാതെ പുനർനിയമനം നേടുവാൻ അർഹത നൽകുക.

32 തത്വദീക്ഷയോ, അംഗീകൃത മാനദണ്ഡങ്ങളോ ഇല്ലാതെ കോർപ്പറേററ് മാനേജുമെൻറുകൾ അദ്ധ്യാപകരെ സ്ഥലംമാററി വി

ഷമിപ്പുക്കുന്നുണ്ട്. ഇതൊഴിവാക്കാൻ കോർപ്പറേറ്റ് മാനേജുമെന്റുകളുടെ കീഴിലുള്ള അദ്ധ്യാപകരുടെ സ്ഥലം മാററത്തിന്നു അംഗീകൃത മാനദണ്ഡങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുക ·

33 സ്ഥലം മാററം കൊണ്ട് ശമ്പള നിഷേധവും ശമ്പളം നൽകാനുള്ള കാലതാമസവും ഒഴിവാക്കുക.

34 വിദ്യാർത്ഥികളുടെ Practical records, കോമ്പസിഷൻ എന്നിവ പരിശോധിക്കുന്നത് 20 എണ്ണത്തിന്നു 1 മണിക്കൂർ എന്ന തോതിൽ വർക്ക് ലോഡായി പരിഗണിക്കുന്ന സമ്പ്രദായം വീണ്ടും ഏർപ്പെടുത്തുക.

35 ഉന്നതവിദ്യാഭ്യാസരംഗത്ത് കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തുവാൻ അദ്ധ്യാപകർ, വിദ്യാർത്ഥികൾ എന്നിവർക്കുകൂടി പ്രാതിനിധ്യമുള്ള ഒരു കമ്മീഷനെ നിയമിക്കുക,

36 സിലബസ് പരിഷ്കരണത്താൽ വർക്ക്ലോഡിലും പോസ്ററുകളിലുമുണ്ടാകുന്ന കുറവുകൊണ്ട് ജോലി നഷ്ടപ്പെടാനിടയുള്ള അദ്ധ്യാപകർക്ക് സംരക്ഷണം നൽകുക.

37 ഇന്ത്യൻ ഭരണഘടനയുടെ 30 (1) വകുപ്പിന്നു കോടതികൾ നൽകിയിട്ടുള്ള വ്യാഖ്യാനങ്ങൾമൂലം അദ്ധ്യാപകരുടെ സേവനഭദ്രത അപകടപ്പെട്ടിരിക്കുന്നു. ഈ പരിതസ്ഥിതിയിൽ ന്യൂനപക്ഷ സമുദായങ്ങൾ നടത്തുന്ന കോളേജുകളിലെ അദ്ധ്യാപകർക്ക് സർവ്വീസ് സുരക്ഷിതത്വം ലഭിക്കുവാൻ വേണ്ട നടപടികൾ എടുക്കുക.

38 കോളേജ് അദ്ധ്യാപകരുടെ ഇൻക്രിമെന്റും, എല്ലാതരം ലീവുകളും അനുവദിക്കാനുള്ള അധികാരം പ്രിൻസിപ്പലിന് നൽകുക.

39 എക്സ്ട്രാ ഓഡിനറി ലീവ് അനുവദിക്കുന്ന കാര്യത്തിൽ മാനേജർമാർക്ക് നിലവിലുള്ള വിവേചനാധികാരം എടുത്തുകളയുക.

40 ഗവർമ്മേണ്ട് കോളേജ് അദ്ധ്യാപകർക്ക് അനുവദിച്ചിട്ടുള്ള മെഡിക്കൽ റിഇമ്പേഴ്സ്മെന്റ് ആനുകൂല്യം പ്രൈവററ് കോളേജ് അദ്ധ്യാപകർക്കും അനുവദിക്കുക.

41 ഗവർമ്മേണ്ട് കോളേജ് അദ്ധ്യാപകർക്ക് ലഭ്യമാകുന്ന ഹൗസിങ്ങ്ലോൺ, വെഹിക്കിൾലോൺ. സ്ററാഫ് ക്വാർട്ടേഴ്സ് തുടങ്ങിയ സൗകര്യങ്ങൾ പ്രൈവററ് കോളേജ് അദ്ധ്യാപകർക്കും അനുവദിക്കുക.

42 പ്രൈവററ് കോളേജ് അദ്ധ്യാപകരുടെ മക്കൾക്ക് കോളേജ് വിദ്യാഭ്യാസം സൗജന്യമാക്കുകയും കോളേജ് പ്രവേശനത്തിന്ന് മാനേജുമെന്റ് ക്വാട്ടയിൽ സീററുകൾ സംവരണം ചെയ്യുകയും വേണം.

43 സർവ്വീസിലിരിക്കെ മരണപ്പെടുകയോ ജോലി തുടരാനാവാത്തവിധം രോഗഗ്രസ്തനാവുകയോ ചെയ്യുന്ന പ്രൈവററ് കോളേജ് അദ്ധുാപകന്റെ ഒരാശ്രിതനെങ്കിലും പ്രസ്തുത കോളേജിൽ യോഗ്യതക്കനുസരിച്ച് ജോലി നൽകുവാൻ മാനേജുമെന്റിനെ ബാദ്ധ്യതപ്പെടുത്തുക.

44 ബോണസ് പ്രൈവററ് കോളേജ് അദ്ധ്യാപകർക്കും അനുവദിക്കുക.

45 കേരളത്തിലെ യൂനിവേഴ്സിററികളിൽ ഫാക്കൽട്ടി ഇംപ്രൂവ്മെന്റിന്നുള്ള സൗകര്യം എല്ലാ വകുപ്പുകളിലും ഏർപ്പെടുത്തുകയും വികസിപ്പിക്കുകയും ചെയ്യുക. അതിലേക്ക് അദ്ധ്യാപകരെ തിരഞ്ഞെടുക്കുമ്പോൾ പ്രൈവററ് കോളേജ് അദ്ധ്യാപകർക്കുള്ള പ്രാതിനിദ്ധ്യം വർധിപ്പിക്കുക.

46 വിദ്യാർത്ഥികളുടെ പ്രവേശനം, അദ്ധ്യാപകരുടെ നിയമനം, പ്രൊമോഷൻ, ട്രാൻസ്ഫർ തുടങ്ങിയ കാര്യങ്ങളിൽ വ്യാപകമായിത്തീർന്നിട്ടുള്ള മാനേജുമെന്റുകളുടെ അഴിമതി അവസാനിപ്പിക്കുവാൻ ഫലപ്രദമായ നടപടികൾ കൈക്കൊള്ളുക

47 പ്രോവിഡണ്ട് ഫണ്ടിന്റെ മുൻകാല പലിശയുടെ വിഹിത നിർണ്ണയം എത്രയും വേഗം പൂർത്തിയാക്കുക. വികസന ലോണു

(ശേഷം 27-ാം പേജിൽ)

# എ. കെ. പി. സി. ടി. എ പ്രവർത്തനങ്ങൾക്ക് ഒരു മാർഗ്ഗരേഖ

**പ്രൊ: വി. നാരായണൻകുട്ടി**

(ചരൽക്കുന്ന് ക്യാമ്പിൽ അവതരിപ്പിച്ച ഈ രേഖയുടെ ആദ്യഭാഗം കഴിഞ്ഞലക്കത്തിൽ കൊടുത്തിരുന്നു.)

## 13. അധ്യാപകേതര ജീവനക്കാരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുക. അവരുടെ സംഘടനകളുമായി അടുത്ത ബന്ധംപുലർത്തുക

കോളേജുകളിൽ പ്രവർത്തിയ്ക്കുന്ന മററു സർവ്വീസ് സംഘടനകളാണ് അധ്യാപകേതര ജീവനക്കാരുടെ സംഘടനകൾ. അവരുടെ പ്രശ്നങ്ങൾ മനസ്സിലാക്കുവാനും അവരുമായി ഐക്യം ഊട്ടി ഉറപ്പിയ്ക്കുവാനും. നാം ശ്രമിയ്ക്കേണ്ടതാണ്. നമ്മുടെ ശമ്പളം, ശമ്പളക്കുടിശ്ശിക, ഇൻക്രിമെൻറ് തുടങ്ങിയകാര്യങ്ങളിൽ വരുന്ന കാലതാമസത്തിന്ന് അധ്യാപകേതര ജീവനക്കാരെ കുററപ്പെടുത്തുന്ന പ്രവണത പ്രോൽസാഹനാർഹമല്ല. ഓഫീസുതലവനായ പ്രിൻസിപ്പലാണ് ഓഫീസിലെ പ്രവർത്തികൾ മുൻഗണനാടിസ്ഥാനത്തിൽ നടത്തിയ്ക്കുന്നത്. അതിൽ നമ്മുടെ താൽപര്യങ്ങൾക്ക് മുൻഗണനലഭിയ്ക്കുന്നില്ലെങ്കിൽ നാം പ്രതിഷേധിക്കേണ്ടതും സമരം പ്രഖ്യാപിയ്ക്കേണ്ടതും പ്രിൻസിപ്പലിനോടാണ്. നമ്മുടെ കോളേജാഫീസുകളിലെല്ലാം തന്നെ വേണ്ടത്ര ജീവനക്കാരില്ലെന്ന വസ്തുതയും നാം വിസ്മരിച്ചുകൂട.

## 14. സംഘടനയുടെ വനിതാ വിഭാഗം ശക്തിപ്പെടുത്തുക.

സംഘടനയുടെ സാധാരണ അംഗങ്ങളിൽ തന്നെ അധ്യാപികമാർ കുറവാണ്. വനിതാ കോളേജുകളിൽ പലതിലും നമ്മുക്ക് ശക്തമായ യൂണിററുകൾ സംഘടിപ്പിയ്ക്കുവാൻ കഴിഞ്ഞിട്ടില്ല. സംഘടനയിൽ വനിതാപ്രവർത്തകരുടെ കുറവുതന്നെയുണ്ട്. പ്രൈവററ് കോളേജ് അധ്യാപകരിൽവനിതകളുടെ എണ്ണം വർദ്ധിച്ചുവരികയാണ്. അതുകൊണ്ട് ഈ പ്രശ്നം നമ്മുടെ പ്രത്യേക ശ്രദ്ധയർഹിയ്ക്കുന്നു.

നമ്മുടെ പ്രവർത്തകൻമാരുടെ അധ്യാപികമാരായ പത്നികളെ ആദ്യായി നമുക്ക് രംഗത്തിറക്കാൻ കഴിയണം. അവർ സംഘടനയുടെ സജീവ പ്രവർത്തകകളായി ഉയരണം. അധ്യാപികമാരെ പ്രത്യേകം ബാധിയ്ക്കുന്ന പ്രശ്നങ്ങൾ നമ്മുടെ സംഘടന ഗൗരവബുദ്ധ്യാ ഏറെറടുത്ത് അവയ്ക്കു പരിഹാരം കാണാൻ ശ്രമിയ്ക്കേണ്ടതാണ്. ബ്രാഞ്ചുതലത്തിലും, ജില്ലാതലത്തിലും സംഘടനാഭാരവാഹികളായി പ്രവർത്തിയ്ക്കാനുള്ള അവസരവും പരിചയവും അവർക്കു നല്കേണ്ടിയിരിയ്ക്കുന്നു. ക്രമേണ സംഘടനയുടെ എല്ലാത്തലത്തിലും വനിതാവിഭാഗം പ്രവർത്തിച്ചു തുടങ്ങാവുന്നതാണ്.

## 15. സർവ്വകലാശാലാ സമിതികളിലെ പ്രവർത്തനങ്ങൾ

സർവ്വകലാശാലാഭരണസമിതികളിലെ നമ്മുടെ പ്രവർത്തനങ്ങളും നേട്ടങ്ങളും ബ്രാഞ്ചുതലംവരെ റിപ്പോർട്ടു ചെയ്യേണ്ടിയിരിയ്ക്കുന്നു. ഓരോബ്രാഞ്ചിന്നും നമ്മുടെ പ്രതിനിധികളുടെ പ്രവർത്തനത്തെ വിലയിരുത്തുവാനും അപാകതകൾ ചൂണ്ടിക്കാണിക്കുവാനുമുള്ള അവസരമുണ്ടാകണം. നമ്മുടെ ജേർണലിൽ ഈ പ്രവത്തർനത്തിൻെറ വിശദമായ റിപ്പോർട്ട് വരുത്തേണ്ടതാണ്. സർവ്വകാലശാലാസമിതികളിലെ നമ്മുടെ പ്രവർത്തകൻമാർ സംഘടനാപ്രവർത്തനത്തിൽ കൂടുതൽ താൽപര്യം കാണിക്കേണ്ടതുണ്ട്. സംഘടനയെ പോഷിപ്പിയ്ക്കുന്നതിൽ അവർ പരമാവധി ശ്രദ്ധിയ്ക്കുക തന്നെ വേണം. അധ്യാപകരുടെ പ്രശ്നങ്ങൾ ബ്രാഞ്ചുസെക്രട്ടിമാർ മുഖേന മാത്രമേ നമ്മുടെ സർവ്വകലാശാലാഭരണസമിതികളിലെ പ്രവർ

ത്തകൻമാർ ഏറെറടുക്കാൻ പാടുള്ളൂ. അവരുടെ പ്രവർത്തനത്തെ നിയന്ത്രിക്കാനുള്ള ഉപദേശസമിതികൾ കൂടുതൽ ഫലപ്രദമായി പ്രവർത്തിക്കേണ്ടതാണ്.

## 16. ജില്ലാതലത്തിലുള്ള നമ്മുടെ പ്രവർത്തനം ശക്തിപ്പെടുത്തുക

ഭേദഗതിവരുത്തിയ നമ്മുടെ ഭരണഘടന ജില്ലാതലത്തിലുള്ള സംവിധാനത്തിന്നു വലിയ പ്രാധാന്യം നൽകുന്നുണ്ട്. ഇതിനനുസരിച്ച് നമ്മുടെ ജില്ലാഭാരവാഹികൾ ഉയർന്നു പ്രവർത്തിയ്ക്കുക തന്നെ വേണം. ഓരോജില്ലയിലും നമ്മുടെ ജില്ലാ ഓഫീസുകൾ തുറന്നു പ്രവർത്തനമാരംഭിയ്ക്കണം. ജില്ലാക്കമ്മറ്റികൾ ഇടയ്ക്കിടെ യോഗം ചേർന്ന് ജില്ലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും ഭാവിപ്രവർത്തനപരിപാടികൾക്കു രൂപം നൽകേണ്ടതുമാണ്. കഴിയുന്നതും യൂണിററു യോഗങ്ങളിൽ ജില്ലാഭാരവാഹികൾ സംബന്ധിയ്ക്കാൻ ശ്രദ്ധിയ്ക്കണം.

## 17. സഹോദരസംഘടനകളുമായുള്ള ഐക്യം എല്ലാ തലത്തിലും ശക്തിപ്പെടുത്തുക

സംയുക്ത അധ്യാപക സർവ്വീസ് സംഘടനാ സമരസമിതിയിലൂടെ നാം വളർത്തിയെടുക്കാൻ ശ്രമിച്ച ഐക്യം താഴോട്ടിറങ്ങിക്കഴിഞ്ഞിട്ടില്ല. ഈ ഐക്യം സംഘടനയുടെ എല്ലാ തലത്തിലും എത്തിയ്ക്കേണ്ടിയിരിയ്ക്കുന്നു. ജില്ലാതലമാണ് ഈ ഐക്യം ശക്തിപ്പെടുത്തുവാൻ ഏററവും പററിയത്. നാം ജില്ലയിലെ മററു സർവ്വീസ്സംഘടനകളുമായി നിത്യബന്ധം പുലർത്തി തുടങ്ങേണ്ടിയിരിയ്ക്കുന്നു. അവരുടെ സമരങ്ങളിലും പ്രചരണപരിപാടികളിലും നാം പരമാവധി സഹകരിയ്ക്കേണ്ടതാണ്; പങ്കെടുക്കേണ്ടതാണ്. ഈ വർദ്ധിതമായ ഐക്യത്തിലൂടെ മാത്രമേ നാളത്തെ നമ്മുടെ സമരത്തെ ശക്തിപ്പെടുത്താനും മുന്നോട്ടുകൊണ്ടു പോകുവാനും നമുക്കു കഴിയുകയുള്ളൂ. മററു സംഘടനകളുമായുള്ള നമ്മുടെ ബന്ധം ഏക പക്ഷീയമായി തുടരാൻ അനുവദിച്ചുകൂടാ. മററുജീവനക്കാരുടെ പ്രശ്നങ്ങളും അവയ്ക്കു നേരേ അവരുടെ സമീപനങ്ങളും നാം ശ്രദ്ധാപൂർവ്വം പഠിയ്ക്കേണ്ടിയിരിയ്ക്കുന്നു. മററു സംഘടനകളുടെ ജില്ലാസമ്മേളനങ്ങൾ, സംസ്ഥാനസമ്മേളനങ്ങൾ, സമരപരിപാടികൾ എന്നിവ വിജയിപ്പിയ്ക്കുവാൻ പരമാവധി ശ്രമിയ്ക്കേണ്ടതാണ്.

## 18. പ്രമേയത്തിൻെറ ഭാഷ ഉപേക്ഷിയ്ക്കുക; സമരത്തിൻെറ ഭാഷ സ്വീകരിയ്ക്കുക

ആയിരം പ്രമേയങ്ങളേക്കാൾ പ്രശ്നങ്ങൾ പരിഹരിയ്ക്കുവാനും സംഘടനയെ ശക്തിപ്പെടുത്താനും ഫലപ്രദമായത് ഒരു സമരമാണ്. നാം പ്രമേയങ്ങളുടെ ഭാഷയിൽ സംസാരിയ്ക്കുന്നത് അവസാനിപ്പിയ്ക്കേണ്ടിയിരിയ്ക്കുന്നു. ബ്രാഞ്ചുതലത്തിലായാലും ജില്ലാതലത്തിലായാലും നമ്മെ നേരിടുന്ന പ്രശ്നങ്ങളുടെ ഗൗരവ സ്വഭാവത്തിൻെറ ഏററക്കുറച്ചിലനുസരിച്ചുള്ള സമരമാർഗ്ഗം തന്നെ അവലംബിക്കേണ്ടതാണ്. കോളേജുകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ ബ്രാഞ്ചുതലത്തിൽ സമരങ്ങൾ നടത്തേണ്ടതുണ്ട്. അതിനു പകരം ജില്ലാതലത്തിലൊരു പ്രമേയം പാസ്സാക്കി നാം കൃതകൃത്യരാവരുത്. സമരസംഘടന സമരത്തിൻെറ ഭാഷയിലാണ് പ്രതികരിക്കേണ്ടത്; പ്രമേയത്തിൻെറ ഭാഷയിലല്ല.

സംസ്ഥാനതലത്തിലുള്ള പ്രവർത്തനം ഈ രേഖയിൽ പരാമർശിക്കപ്പെട്ടിട്ടില്ല. ക്യാമ്പിലെ ചർച്ചയിൽ നിന്നും ഈ തലത്തിലെ പ്രവർത്തനം ശക്തിപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ പ്രതീക്ഷിയ്ക്കുന്നു. ★

---

'എ. കെ. പി. സി. ടി. എ. ഒരു അവലോകനം' എന്നലേഖനത്തിൻെറ രണ്ടാം ഭാഗം സ്ഥലപരിമിതിമൂലം ഈ ലക്കത്തിൽ ചേർക്കാൻ കഴിഞ്ഞിട്ടില്ല.

---

# സർവ്വീസിൽ നിന്നും വിരമിച്ചു

## പ്രൊഫ. പി. പി. ജോർജ്

എറണാകുളം സെൻറ് ആൽബർട്ട്സ് കോളേജിലെ എ. കെ. പി. സി. ടി. എ യൂണിററ് സെക്രട്ടറി, പ്രസിഡൻറ് എന്നീ നിലകളിൽ നിരവധി തവണ പ്രവർത്തിച്ചിട്ടുള്ള പ്രൊ: പി. പി. ജോർജ് 1980 ജൂൺ 4–ാംതീയതി സർവ്വീസിൽനിന്നും വിരമിച്ചു. സംഘടനയുടെ ഓർഗനൈസിംഗ് സെക്രട്ടറിമാരിൽ ഒരാളായും ഇദ്ദേഹം സേവനമനുഷ്ഠിച്ചിട്ടുണ്ട്. പ്രൊഫ.: ജോർജിന് ഹൃദ്യമായ യാത്ര അയപ്പ് സെൻറ് ആൽബർട്ട്സിലെ എ. കെ. പി. സി. ടി. എ. യൂണിററ് നല്കി.

## പ്രൊഫ. പി. കെ. കരുണാകരൻ പിള്ള

പന്തളം എൻ. എസ്. എസ്. കോളേജിലെ ഫസ്ററ്ഗ്രേഡ് ഇംഗ്ലീഷ് പ്രൊഫസർ പി. കെ. കരുണാകരൻപിള്ള 1980 മാർച്ച് 31 ന് സർവ്വീസിൽനിന്നും പിരിഞ്ഞു. കഴിഞ്ഞ കാൽനൂററാണ്ടുകാലമായി എൻ. എസ്. എസ്സിൻെറ വിവിധ കോളേജുകളിൽ സേവനമനുഷ്ഠിച്ചുവരുന്ന പ്രൊ:കരുണാകരൻപിള്ള എ. കെ. പി. സി. ടി. എയുടെ നിരവധി സമരങ്ങളിലെ മുന്നണിപ്പടയാളിയായിരുന്നു. എ. കെ. പി. സി. ടി. എ. പന്തളം യൂണിററിൻെറ ആഭിമുഖ്യത്തിൽ അദ്ദേഹത്തിന് യാത്രഅയപ്പുനല്കി. യോഗത്തിൽ പ്രൊഫ. പി. എൻ. ഗോപാലൻ നമ്പൂതിരി (യൂണിററ് പ്രസിഡൻറ്) പ്രൊഫ. പി. സി. മേനോൻ (പ്രിൻസിപ്പൽ) ഡോ: പി. എസ് പണിക്കർ, കെ കൃഷ്ണപിള്ള (യൂണിററ്സെക്രട്ടറി) എന്നിവർ സംസാരിച്ചു. പ്രൊഫ. പി. കെ. കരുണാകരൻപിള്ള, എ. കെ. പി. സി. ടി. എ. അധ്യാപകർക്ക് ചെയ്തിട്ടുള്ള സേവനത്തെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചു.

കോളേജിലെ സ്ററാഫ് ക്ലബ്ബിൻെറ ആഭിമുഖ്യത്തിലും പ്രൊഫ. കരുണാകരൻപിള്ളയ്ക്ക് യാത്രഅയപ്പുനല്കുകയുണ്ടായി. പ്രൊഫ. പി. സി. മേനോൻ, എം ആർ. വാസുദേവൻപിള്ള, കെ. എൻ. ഗോപാലകൃഷ്ണപിള്ള, പ്രൊഫ. എൻ. കൊച്ചുനാരായണക്കുറുപ്പ്, ജി. പ്രകാശ് (സ്ററാഫ് ക്ലബ് സെക്രട്ടറി) എന്നിവർ പ്രൊഫ: കരുണാകരൻപിള്ളയുടെ സേവനത്തെ അനുസ്മരിച്ചുകൊണ്ടു സംസാരിച്ചു.

## പ്രൊഫ. വി. ശ്രീനിവാസ രാഘവൻ.

നിലമേൽ എൻ. എസ്.എസ്. കോളേജിലെ ഇംഗ്ലീഷ് പ്രൊഫസറും, എ. കെ. പി. സി. ടി. എ യിലെ സജീവാംഗവുമായിരുന്നു പ്രൊഫ. ശ്രീനിവാസരാഘവൻ 1980 മാർച്ച് 31ന് സർവ്വീസിൽനിന്നും വിരമിച്ചു. എ. കെ. പി. സി. ടി. എ. നിലമേൽ യൂണിററം അദ്ദേഹത്തിന് യാത്ര അയപ്പു നല്കി. അധ്യാപകരുടെ അവകാശങ്ങൾക്കുവേണ്ടി കൂടുതൽ ശക്തിയോടെ പോരാട്ടം തുടരാൻ എ. കെ. പി. സി. ടി. എ. അംഗങ്ങളെ ആഹ്വാനം ചെയ്തുകൊണ്ടാണ് പ്രൊഫ. ശ്രീനിവാസരാഘവൻ സംസാരിച്ചത്. സ്ററാഫ്ക്ളബിൻെറ കയായും പ്രൊഫ. ശ്രീനിവാസരാഘവന് യാത്ര അയപ്പു നല്കി.

## MEMORANDUM

Trivandrum
14–5–80

To

**The Hon'ble Minister for Education,**
**Government of Kerala,**
**Trivandrum**

Sir,

Sub: Teachers in shift vaccancies–disbursement of vacation salary–request for

Considering various aspects in respect of shift system implemented in private colleges and taking into account this necessity of retaining teachers in 'shift' vacancies the Government was pleased to permit such teachers to continue in service. But the salary claims of these teachers for the month of April have been disallowed by the concerned Deputy Directors. On enquiry, we understand that, their salary claims have been disallowed on the plea thut this order allowing them to continue in service does not spceifically state that such teachers are eligible for vacation salary. According to rules if a teacher is not getting his vacation salary this vacation period would be treated as break of service. This would adversely affect his promotion to the cadre of Lecturer since two years continuous service is required for promotion to that cadre.

We, there fore, request you to issue a clarification making these teachers eligible for vacation salary.

Yours faithfully,

Sd/
V. Narayanankutty
(President)

Sd/–
G. Madhavan Nair
(General Secretary)

Copy to:

1) The Hon'ble Chief Minister, Govt. of Kerala, Trivandrum
2) The Special Secretary for Higher Education, Govt. of Kerala.

# സ്ഥലം മാററം ഒരു തുടർക്കഥ

കോർപ്പറേററ് മാനേജുമെൻറുകൾ അധ്യാപകരെ സ്ഥലം മാററുന്നരീതി (കു) പ്രസിദ്ധമാണല്ലോ. എൻ. എസ്. എസ്. കോളേജുകളിലും എസ്. എൻ. കോളേജുകളിലും ഈ വർഷവും അതൊക്കെ ആവർത്തിച്ചിട്ടുണ്ട്. അഞ്ചും പത്തും വർഷത്തിലേറെയായി മലബാർ പ്രദേശത്തു ജോലി നോക്കി വരുന്ന അധ്യാപകർക്ക് സൗകര്യപ്രദമായി സ്ഥലംമാററം കൊടുക്കാൻ ഇത്തവണയും മാനേജുമെൻറുകൾ തയാറായിട്ടില്ല. എന്നു മാത്രമല്ല ഏറെക്കാലം മലബാർ സർവ്വീസുള്ളവരെ വീണ്ടും മലബാറിലേയ്ക്കു മാററുന്ന ക്രൂരതയും ആവർത്തിച്ചിട്ടുണ്ട്. എ. കെ. പി. സി ടി. എ. പ്രവർത്തകരെ തെരഞ്ഞുപിടിച്ചു ശിക്ഷിയിക്കുന്ന പ്രവണതയും വർദ്ധിച്ചിരിക്കയാണ്. അസൗകര്യമായ സ്ഥലംമാററം കൊണ്ട് വർഷങ്ങളായി കഷ്ടത അനുഭവിയ്ക്കുന്ന അധ്യാപകരിൽ പലരുടേയും അപേക്ഷ പരിഗണിയ്ക്കുകപോലും ചെയ്യാതെ, പുതുതായി കുറെ അധ്യാപകരെകൂടി ശിക്ഷിക്കുകയാണ് മാനേജുമെൻറുകൾ ചെയ്തിരിയ്ക്കുന്നത്. തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങളിൻ അംഗങ്ങളായുള്ള അധ്യാപകർക്ക് സൗകര്യപ്രദമായ സ്ഥലം മാററം നല്കണമെന്ന നിയമം ഉണ്ടായിട്ടും അവരെ വിദൂരസ്ഥങ്ങളിലേയ്ക്കു മാററിയ ജനാധിപത്യ വിരുദ്ധമായ നടപടിയും ഇത്തവണ ഉണ്ടായിട്ടുണ്ട്.

എൻ. എസ്. എസ്. മാനേജുമെൻറ് ഫോൺ വഴിയാണ് ഇപ്പോൾ സ്ഥലം മാററം നടത്തുന്നത്. വേക്കൻസി ഉണ്ടായിരിക്കണമെന്നു നിർബന്ധമൊന്നുമില്ല. ആരെ എങ്ങോട്ടു വേണമെങ്കിലും മാററാം. എപ്പോൾ ണമെങ്കിലും മാററം. അധ്യാപകരുടെ ജീവിതംകൊണ്ടു പന്താടുന്ന മനോജുമെൻറിൻെറ ഈ പോക്കിന് അറുതിവരുത്തേണ്ടിയിരിയ്ക്കുന്നു.

—ം—

---

(22—ാം പേജിൻെറ തുടർച്ച)

കളിൽ പ്രോവിഡണ്ട് ഫണ്ടുതുക അദ്ധ്യാപകരുടെ അറിവോ സമ്മതമോ ഇല്ലാതെ നിക്ഷേപിക്കപ്പെട്ടിട്ടുള്ളത് കൊണ്ട് അവർക്ക് പ്രോവിഡണ്ട്ഫണ്ടിൽനിന്നു ലോണെടുക്കാൻ നിലനിലുള്ളവിഷമം ഒഴിവാക്കുക.

48 1978 ൽ നടന്ന ശമ്പളപരിഷ്കാരത്തിലെ അപാകതകൾ എത്രയും വേഗം പരിഹരിക്കുക.

49 പാർട്ട്ടൈം ലക്ച്ചറൻമാരുടെ വേതന വ്യവസ്ഥമെച്ചപ്പെടുത്തുകയും അവർക്ക് റിട്ടയർമെൻറാനുകൂല്യങ്ങൾ അനുവദിക്കുകയും ചെയ്യുക.

50 സർവ്വകലാശാലകൾ അംഗീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾക്കനുസരിച്ച് എല്ലാ മാനേജുമെൻറുകളെയും സീനിയോറിട്ടിലീസ്ററ് തയാറാക്കി പ്രസിദ്ധീകരിക്കുവാൻ നിർബന്ധിക്കുക.

51 ഫാക്കൽട്ടി ഇംപ്രൂവ്മെൻറ് പദ്ധതിയനുസരിച്ച് പഠന ഗവേഷണങ്ങൾ നടത്തുന്ന അദ്ധ്യാപകർക്ക് ശമ്പളവും അലവൻസും ലഭിച്ചുതുടങ്ങുവാൻ ഇന്നുള്ള കാലതാമസമൊഴിവാക്കുക.

52 ഡിഗ്രി കോളേജുകളായി ഉയർത്തപ്പെടുന്ന സ്ഥാപനങ്ങളിൽ പ്രഥമ വർഷം തന്നെ ഇംഗ്ളീഷിൽ കാഡർ പ്രൊഫസർ തസ്തിക അനുവദിക്കുക.

53 കൊർപ്പറേററു മാനേജുമെൻറുകളുടെ കീഴിലുള്ള കോളേജുകളിലെ നിയമനം, സ്ഥലം മാററം, പ്രൊമോഷൻ എന്നിവയുടെ അംഗീകാരത്തിന്നു വരുന്ന കാല താമസമൊഴിവാക്കാൻ അഴിമതിയുടെ പഴുതുകളടച്ചുകൊണ്ടുതന്നെ അംഗീകാരം നൽകുന്ന പ്രക്രിയ ലഘൂകരിക്കുക.

54 അസോസിയേഷൻ പ്രവർത്തനത്തിന്ന് സംഘടനയുടെ സ്റേററ്—ജില്ലാ ഭാരവാഹികൾക്ക് പ്രത്യേക അവധി അനുവദിക്കുക.

വി. നാരായണൻകുട്ടി
ജനറൽ സിക്രട്ടറി.

kerala private college teacher

Vol. 3 No.

# UNIVERSITY OF KERALA

No. Acad. LPS/4/80.

NOTIFICATION

Amendment to the Kerala University First Statute 1976

The following amendment has been made to the kerala University First Statutes 1976 in respect of Pension, Provident Fund, Gratuity, etc. of Teachers of Private Colleges.

Amendment No. 8.

"That in Chapter I - General - of the Kerala University First Statutes 1976 in respect of Pension, Provident Fund, Gratuity, Insurance, and age of retirement of Teachers of Private Colleges, the following be inserted immediately after Statue 4 (a) as Explanation.

Explanation

Service includes service in the Schools both aided and Government.

This amendment Shall come into force from 3rd May 1980.

Sd/-
C. K. Devassy
REGISTRAR

University Buildings,
Trivandrum,
17—5—1980.

printed and published by prof. v. narayanan kutty, at anupama printers, trivandrum.
chief editor. v. n. murali.